**ഞാൻ എങ്ങനെ മുസ്‌ലിമായി ?**

**ശിഫാ മുസ്തഫ.**

നന്ദി പൂർവം,

എന്നെ ഇസ്‌ലാമിലേക്ക് നയിക്കുന്നതിനുള്ള കാരുണ്യം നൽകിയ സർവശക്തനായ അല്ലാഹുവിനാണ് സകല സ്തുതിയും. ഈ രചന പൂർത്തിയാക്കാൻ അനുവദിച്ച അനുഗ്രഹങ്ങൾക്കും. ഈ ആഖ്യാനത്തിന്നു മേലും ഇതു വായിക്കുന്നവരുടെ മേലും അവന്റെ അനുഗ്രഹങ്ങൾ ഇനിയും വർഷിക്കട്ടെ, ഇൻശാഅല്ലാഹ്.

‘‘മനുഷ്യരോട് നന്ദിയില്ലാത്തവർ ദൈവത്തോടും നന്ദിയില്ലാത്തവരാണ്.’’1

ഈ രചന സുസാധ്യമാക്കിത്തീർത്തതിന് ഒരുപാട് വഴികളിൽ സഹായിച്ച ഭർത്താവ് അലിക്ക് എന്റെ ആത്മാർഥമായ നന്ദി. തീർച്ചയായും ഏറ്റവും നല്ല ഭർത്താവാണദ്ദേ ഹം. അദ്ദേഹത്തിന്റെ സ്നേഹത്തിനും മഹത്തായ ക്ഷമാശീലത്തിനും ഏതു നേരത്തു മുള്ള സഹായ സന്നദ്ധതയ്ക്കും ദൈവം പ്രതിഫലം നൽകട്ടെ. ഏറെ പ്രിയപ്പെട്ട പെൺമക്കളോടെല്ലാം എനിക്ക് നന്ദിയുണ്ട്. അല്ലാഹുവിന്ന് സ്തുതി, ആദ്യം പിറന്ന ഹനാൻ(ജോവാൻ) ഇസ്‌ലാമിന്റെ പാത സ്വീകരിച്ചവളാണ്. കിം സുന്ദരിയായ സുഹൃ ത്തെന്ന പോലെ ദയാശീലയായ മകളുമാണ്. എന്റെ കൊച്ചു കുട്ടിയായ കാർല സദാ സ്നേഹമയിയും വിവേകശാലിയുമാണ്. ഇൻശാഅല്ലാഹ്, അല്ലാഹു അവർക്കെല്ലാ വർക്കും ശരിയായ വഴി കാട്ടുകയും അവന്റെ അളവറ്റ കാരുണ്യം അവരിൽ വർഷി ക്കുകയും ചെയ്യും. തീർച്ചയായും ഈ കാരുണ്യം അല്ലാഹു അവരുടെ മാതാവിന്നും നൽകിയിട്ടുണ്ട്.

വർഷങ്ങളോളം എനിക്ക് സൗഹൃദവും പിൻബലവും നൽകിപ്പോന്ന ധാരാളം മുസ്‌ലിം സഹോദരീ സഹോദരന്മാരുണ്ട്. സ്വന്തം അറിവും സഹനശീലവും വഴി ഇസ്‌ലാമിലേക്കുള്ള എന്റെ ആദ്യ ചുവടുവെയ്പുകൾക്ക് വഴികാണിച്ചു തന്നവർ. അവരോട് ഞാൻ അങ്ങേയറ്റം നന്ദിയുള്ളവളാണ്. ഈ പട്ടികയിൽ ധാരാളം പേരു ണ്ടെങ്കിലും ആദ്യമായി ഞാനെന്റെ കടപ്പാട് രേഖപ്പെടുത്തേണ്ടത് ഭർതൃസഹോദരപു ത്രനായ സാമിർ മുസ്തഫയോടാണ്. സത്യത്തോടുള്ള അയാളുടെ സ്നേഹമാണ് ഞാൻ ഇസ്‌ലാമി സഹോദരന്നു നേരെ നോക്കുവാൻ കാരണമായിത്തീർന്നത്. ശൈഖ് ഇഹ്സാൻ അറാഫീഹും നബീഹയും ഒരുപാട് സഹായിക്കുകയും എന്റെ മതംമാറ്റ ത്തിന് ക്ഷമാപൂർവം കാത്തിരിക്കുകയും ചെയ്തു. ഡോ. അശ്ഫാഖ് അഹ്മദും സ്നേഹമയിയായ അദ്ദേഹത്തിന്റെ ഭാര്യയും കുടുംബവുമാണ് ഇസ്‌ലാമിൽ എനിക്ക് ആദ്യത്തെ ‘പണി’ തന്നത്. ഡോ. ഖാസിം ചേലാട്ടും ഭാര്യ സഹോദരി റുഖിയ്യയും

അവരുടെ പലതും എനിക്കും ഇസ്‌ലാമിനും നൽകി. വർഷങ്ങളോളം എന്റെ ഉദ്യമങ്ങൾ പ്രോത്സാഹിപ്പിച്ചത് ഇവർ രണ്ടുപേരുമാണ്. സ്വന്തം ജ്ഞാനവും സ്വഭാവമാധുരിയും കൊണ്ട് എന്റെ ധാരണകളെ വിശാലമാക്കിയവരാണ് ശൈഖ് മൻസ്വൂർ ലഗാഹിയും ഭാര്യ സഹോദരി മാർസിയും. അല്ലാഹു സുബ്ഹാനഹു വ തആലാ ഇവർക്കോരോരുത്തർക്കും പ്രത്യേകമായ അനുഗ്രഹവും കനത്ത പ്രതിഫലവും നൽകട്ടെ.

'യേശു ഇസ്‌ലാമിന്റെ പ്രവാചകൻ' എന്ന കൃതിയുടെ കർത്താക്കളിലൊരാളാണ് അഹമദ് തോംസൻ. പരേതനായ മുഹമ്മദ് അത്വാഉർറഹിമിനോടൊപ്പം അദ്ദേഹം രചിച്ച പ്രസ്തുത കൃതി എനിക്ക് ഒട്ടേറെ കാര്യങ്ങൾ വ്യക്തമാക്കിത്തന്നിട്ടുണ്ട്. എന്നിൽ മായാത്ത മുദ്ര പതിപ്പിച്ച ഗ്രന്ഥമാണത്. പ്രസ്തുത രചനയിൽ നിന്ന് ആവശ്യമായ ഉദ്ധരണികൾ എടുത്തു ചേർക്കാൻ നൽകിയ അനുമതിക്ക് ഞാൻ നന്ദി പറയുന്നു. ഈ പുസ്തകമെഴുതാൻ നൽകിയ പ്രോത്സാഹനത്തിനും. ശൈഖ് അഹ്മദ് ദീദാത്തിന്റെ Crucifixion or Crucifiction, Is The Bible God's Word എന്നീ അധ്യായങ്ങൾ ദൈവാനുഗ്രഹത്താൽ എന്നിൽ വളരെയധികം മനോവ്യഥയും അസുഖവും ഉളവാക്കി, ഞാൻ ഇനിയും ഒരുപാട് കാര്യങ്ങൾ പഠിക്കേണ്ടതുണ്ടല്ലോ എന്ന് എനിക്ക് ബോധ്യം വന്നത് കൊണ്ടായിരുന്നു ഈ മനോവ്യഥ. അല്ലാഹുവിന്റെ മഹത്തായ പ്രതിഫലങ്ങൾ നമുക്ക് ലഭിക്കട്ടെ.

അവസാനമായി സഹോദരൻ അൻജും അൽറഫീഖിനോടാണ് എനിക്ക് കൃതജ്ഞതയർപ്പിക്കാനുള്ളത്. അദ്ദേഹത്തിന്റെ ഉദാരതയും മിടുക്കും മൂലമാണ് ഈ കൃതി പൂർത്തീകരിക്കാൻ സാധിച്ചത്. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹു നമ്മുടെയെല്ലാ കർമങ്ങളും സ്വീകരിക്കട്ടെ.

**ശിഫാ മുസ്തഫ.**

1. അബൂസയീദ് നിവേദനം ചെയ്ത ഹദീസ്. അഹ്മദ് അൽ തിർമുദി എന്നിവർ സമാഹരിക്കുകയും സഹീഹുൽ ജാമിഅസ്സ്വഗീർ, അൽ-അൽബാഹി, ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്തു. (വാള്യം 5, 6417).

## നീതിയുടെ പ്രശ്നം

**അ**ന്ന് ഭൂമി അതിന്റെ നാഥന്റെ പ്രഭയാൽ പ്രകാശിതമാകും. കർമപുസ്തകം സമർപ്പിക്കപ്പെടും. പ്രവാചകന്മാരും സാക്ഷികളും ഹാജരാക്കപ്പെടും. അങ്ങനെ ജനങ്ങൾക്കിടയിൽ നീതിപൂർവം വിധിത്തീർപ്പുണ്ടാകും. ആരും അനീതിക്ക് ഇരയാവുകയില്ല (സൂറഃ അസ്സുമർ 39/69).

മുസ്‌ലിം കുടുംബങ്ങളിൽ ജനിച്ച ആളുകൾ ഖുർആൻ, തിരുനബിയുടെ അധ്യാപനങ്ങൾ എന്നിവയിൽ നിന്നു കാര്യങ്ങൾ പഠിക്കാനുള്ള അത്ഭുതകരമായ അവസരം കൈവരിക്കുകയും അത് സ്വീകരിക്കുകയും ചെയ്തവരാണ്. ഇസ്‌ലാമിനെ എന്തുകൊണ്ടാണ് ലോകം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യാത്തത് എന്ന് അവർക്ക് പലപ്പോഴും പിടികിട്ടുകയില്ല. തീർച്ചയായും പാശ്ചാത്യരാഷ്ട്രങ്ങൾ ക്രിസ്തുമതമൊഴിച്ചുള്ള എല്ലാ മതങ്ങളെയും കൊള്ളരുതാത്തവ എന്ന മട്ടിലാണ് നോക്കിക്കാണുന്നത്. എന്നാൽ ഇസ്‌ലാമിന്റെ സ്ഥിതി കുറച്ചു കൂടി വ്യത്യസ്തമാണ്. ഒരു ഭീഷണിയായി ഒട്ടേറെ ആളുകൾ ഇസ്‌ലാമിനെ കണക്കാക്കുന്നു.

ക്രിസ്തു മതത്തിൽ നിന്ന് ഇസ്‌ലാമിൽ പ്രവേശിച്ച ഞങ്ങളെ സംബന്ധിച്ചേടത്തോളം, പിടികിട്ടാത്തത് ഇസ്‌ലാം എന്തുകൊണ്ട് സ്വീകരിക്കപ്പെടാതിരിക്കുന്നു എന്നതല്ല. ജീവിതകാലം മുഴുവനും നാം വിശ്വസിച്ചത് ഏതൊരു ദൈവത്തിലാണോ സ്രഷ്ടാവായ പ്രസ്തുത ദൈവത്തിന്റെ മതമാണ് ഇസ്‌ലാം എന്ന് അംഗീകരിക്കുന്ന അവസ്ഥയിലേക്ക്, ബോധപൂർവം വളർത്തിയെടുത്ത മുൻവിധികളിലൂടെയും അത്തരം മുൻവിധികളുടെ ബലപ്പെടുത്തലുകളിലൂടെയും കടന്നുപോയിട്ടും അല്ലാഹു ഞങ്ങളെ എപ്രകാരം എത്തിച്ചു എന്നതായിരുന്നു യഥാർഥത്തിൽ ഞങ്ങൾക്ക് മനസ്സിലാവാഞ്ഞത്. മഹാനായ അല്ലാഹു, കരുണാമയനായ അല്ലാഹു, നമ്മോടുള്ള അവന്റെ കരകവിഞ്ഞൊഴുകുന്ന കാരുണ്യപ്രവാഹത്തിന്റെ പേരിൽ സ്തുതിക്കപ്പെടട്ടെ.

**** *****

ചലച്ചിത്രം, പുസ്തകം എന്നീ മാധ്യമങ്ങൾ വഴി സംഭവിച്ചുകൊണ്ടിരിക്കുന്ന സൂക്ഷ്മമായ ഇസ്‌ലാമിക വിരുദ്ധ പ്രചാരണത്തെപ്പറ്റി കുട്ടിക്കാലത്ത് എനിക്ക് അറിയില്ലായിരുന്നു. പിൽക്കാലത്ത് കോളജിലും ക്രിസ്ത്യൻ പശ്ചാത്തലത്തോടുകൂടിയ എന്റെ ജീവിതത്തിലും ഇസ്‌ലാം പലപ്പോഴും പരാമർശിക്കപ്പെട്ടിരുന്നുമില്ല. ക്രിസ്തുമതത്തിനോടും ക്രിസ്ത്യാനികളോടും ഒരിക്കലും വഴങ്ങാത്ത എതിർപ്പു പുലർത്തുകയും കള്ള ദൈവത്തെ ആരാധിക്കുകയും ചെയ്യുന്ന പ്രാകൃതമതമായാണ് ഇസ്‌ലാം ഗണിക്കപ്പെട്ടുപോന്നതെങ്കിൽപോലും. ഏതായാലും 'ക്രിസ്ത്യാനി'കളുടെ നാട്ടിൽ ജീവിക്കുമ്പോൾ ഇസ്‌ലാമിനെക്കുറിച്ചു കൂടുതൽ പഠിക്കുകയും പരിഗണിക്കുകയും ചെയ്യേണ്ട ആവശ്യമുള്ളതായി തോന്നിയതുമില്ല. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിലാണ്, ആദ്യമായി ഒരു ആസ്ത്രേലിയക്കാരന്റെ വായിൽ നിന്ന് ഇസ്‌ലാം എന്നാൽ തിന്മയാണെന്ന് ഞാൻ ആദ്യമായി കേൾക്കുന്നത്. കൂടുതൽ ചോദിച്ചപ്പോൾ എല്ലാവർക്കും ഈ സംഗതിയറിയാം എന്നു പറയുകയല്ലാതെ വ്യക്തമായ കാരണങ്ങളൊന്നും തന്നെ നൽകാൻ അയാൾക്ക് സാധിച്ചിരുന്നില്ല. ഇത്രയും വെട്ടിത്തുറന്നതും

അസന്ദിഗ്ധവുമായ ഒരു പ്രഖ്യാപനം തൊടുത്തുവിടാൻ ശേഷിയില്ലാത്ത, ദുർബല മായ ഒരു നിലപാടാണതെന്ന് എനിക്കപ്പോൾ തോന്നി.

അങ്ങനെ, വർധിച്ചുവരുന്ന ഇസ്‌ലാം നിന്ദ എന്റെ ബോധത്തിലേക്ക് ക്രമേണ ഇഴഞ്ഞു വന്നു; ആരും കാണാതെ പുരക്കകത്ത് കിടക്കുന്ന എലിയെപ്പോലെ, തുടക്കത്തിൽ ആരും കാണാതിരിക്കാനുള്ള ബദ്ധപ്പാടോടെ പരക്കം പാഞ്ഞുകൊണ്ട്. എന്നാൽ പിന്നീട് എലിയ്ക്ക് ധൈര്യം കൈവരികയും പേടി മാറുകയും ചെയ്യുന്നു. അത് നശി പ്പിക്കൽ തുടങ്ങുന്നു. എലിയെ പിടികൂടി കൈകാര്യം ചെയ്യുകയല്ലാതെ ഉടമസ്ഥന് മറ്റൊരു വഴിയുമില്ല എന്ന അവസ്ഥയോളം ഇതു തുടരുന്നു. തന്റെ വീടും, ഒരുപക്ഷേ, മനഃസാസ്ഥ്യവും നഷ്ടപ്പെടാൻ തയ്യാറാവുന്നതു വരെ ഈ അവസ്ഥ നിലനിൽക്കും. കരണ്ടു തിന്നുന്ന ഒരു കൊച്ചു ജീവിക്ക് ഒറ്റക്ക് കഴിയാനല്ലല്ലോ പ്രിയം.

1980 കളുടെ അവസാനമായപ്പോഴേക്കും മുസ്‌ലിം വിരുദ്ധ വികാരത്തെപ്പറ്റി ഞാൻ ഏറെ ബോധവതിയായത് അങ്ങനെയാണ്. സത്യത്തിൽ മുസ്‌ലിമായിത്തീരണമെന്ന താല്പര്യം എനിക്ക് ഒരിക്കലുമില്ലായിരുന്നു. എങ്കിലും ഈ പ്രചരണവും വെച്ചുകെ ട്ടൊന്നുമില്ലാത്ത സ്പർദ്ധയും നീതിയുടെ ഭാഗത്തു നിന്ന് ആലോചിച്ചപ്പോൾ എന്നെ വിചിത്രമാം വണ്ണം ആഴത്തിൽ വിഷമിപ്പിച്ചു. നേരത്തെപറഞ്ഞ കഥയിലെ വീട്ടുടമ സ്ഥനെപ്പോലെ ഒരാവശ്യവുമില്ലാതെ വന്നുപെട്ട ഏതൊക്കെയോ ചില സംഗതികളെ അഭിമുഖീകരിക്കുകയും കൈകാര്യം ചെയ്യുകയും എന്ന സ്ഥിതിയിലായി ഞാനും.

എന്തുകൊണ്ടാണ് എല്ലാ മുസ്‌ലിംകളെയും ഇങ്ങനെ കണക്കാക്കുന്നത്? എന്തുകൊ ണ്ടാണ് ഇസ്‌ലാമിനെ മാത്രം ആക്രമണ ലക്ഷ്യമാക്കുന്നത്? –എന്റെ മനസ്സിലുയർന്ന ചോദ്യങ്ങൾ ഇവയൊക്കെയാണ്. തലക്കെട്ടുകളിൽ നിന്ന് ഇസ്‌ലാമിന്നെതിരായ വാർത്തകൾ ആർത്തുവിളിച്ചുകൊണ്ടിരുന്നു. ലിബിയ, ഇറാൻ, ഇറാഖ്, ലെബനോൺ, പലസ്തീൻ/ഇസ്രായേൽ– ഈ രാജ്യങ്ങളെല്ലാം ശ്രദ്ധാകേന്ദ്രങ്ങളായിത്തീരുന്നു. ഈ വാർത്തകളെല്ലാം സത്യമാണെങ്കിൽ, നാം കാണുന്നത് ഈ നാടുകളിലെ ജനങ്ങളുടെ നേരെ നൂറ്റാണ്ടുകളായി പുലർത്തിപ്പോരുന്ന പ്രത്യക്ഷ വിരോധത്തിന്റെ കൊയ്ത്താ ണോ എന്ന് ഞാൻ അതിശയിച്ചു.

നാണയത്തിന്റെ മറ്റേവശത്ത് എന്താണുള്ളത്? അമുസ്‌ലിംകൾ, എന്തിന് ക്രിസ്ത്യാനി കൾ പോലും, ചെയ്തുകൂട്ടുന്ന അന്യായങ്ങളെപ്പറ്റി എന്തുപറയുന്നു? ഇവ സ്വീകാര്യ മായിട്ടാണല്ലോ കരുതപ്പെടുന്നത്. ഈ വളഞ്ഞ വര വരക്കുമ്പോൾ വിധിയെഴുത്തിന് ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ ആരുടേതാണ്? പറഞ്ഞുണ്ടാക്കുന്ന പോലെ മുസ്‌ലിംകൾ ശത്രുക്കളാണെങ്കിൽ ‘നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുക, നിങ്ങളെ

വെറുക്കുന്നവർക്ക് നന്മ ചെയ്യുക'[1] എന്ന ബൈബിൾ വചനത്തിന് എന്താണ് സംഭവിച്ചത്. 'സമാധാനമുണ്ടാക്കുന്നവരാണ് അനുഗൃഹീതർ'[2] എന്ന് ബൈബിൾ വചനം ഇനി ആവശ്യമില്ലെന്ന് തീരുമാനിച്ചവർ ആരാണ്? കുറച്ചുകൂടി ഉൾക്കാമ്പുള്ള ചോദ്യം ഇതാണ്, എന്തുകൊണ്ടാണ് ഇങ്ങനെയൊരു തീരുമാനം?

ഇതിന്നൊരു മറുവശമുണ്ട്. അതിന്റെ ഹൃസ്വമായ മിന്നായക്കാഴ്ചകൾ അങ്ങുമിങ്ങും കാണാം. ലബനോണിലെ റെഡ്ക്രസന്റ് സംഘത്തിൽപെട്ട കനഡക്കാരനായ ഡോക്ടർ സ്കൂളുകളിലെ വാട്ടർടാങ്കുകളിൽ ബാക്ടീരിയ വിഷം മനഃപൂർവം കലർത്തിയതിനെത്തുടർന്ന് കൊച്ചുകുട്ടികൾ മരിച്ചതിന്നെതിരായി സംസാരിച്ച സംഗതി ഒരു ഉദാഹരണമാണ്. സബ്റാ, ശത്തീല എന്നീ ക്യാമ്പുകളിൽ 1982 ൽ പലസ്തീനികളെ കശാപ്പ് ചെയ്ത സംഭവത്തെപ്പറ്റി കൂടുതൽ വിവരങ്ങൾ വെളിച്ചത്തു വന്നിരിക്കുന്നു. ദാറൂർ, നാമേഹ്, ഹാരെത് അൽ നാമേ, ബാസ്കിന്റ എന്നു തുടങ്ങി വിദേശ മണമുള്ള പേരുകൾ ഉള്ള ഗ്രാമങ്ങളെക്കുറിച്ചു നാം കേട്ടിട്ടുണ്ട്. ബെക്കാ താഴ്വര നമുക്ക് ചിരപരിചിതമാണ്. എന്നാൽ നമ്മുടെ അറിവ് യുദ്ധത്തിലൂടെയും മരണത്തിലൂടെയും നേടിയതാണ്. ദുരിതങ്ങളിലൂടെയും മിക്കപ്പോഴും വ്യവസ്ഥാപിതമായി നശിപ്പിച്ച നിരപരാധികളുടെ ചോരയിലൂടെയും നേടിയ അറിവാണത്. ദെയ്ർ യാസീന്റെ കഥയും ഇങ്ങനെയാണെന്ന് പിന്നീട് ഞാൻ മനസ്സിലാക്കി. നമ്മിൽ പലരും വിചാരിക്കുന്നതു പോലെ ഇത്രയും ഭീകരവും മനുഷ്യത്വരഹിതവുമായ പക പൊറുക്കുകയും സമ്മതിച്ചുകൊടുക്കുകയും ചെയ്യുന്ന കാര്യമിരിക്കട്ടെ, ജീവിതത്തിലുടനീളം ഞാൻ ആരാധിച്ചുപോരുന്ന ദൈവത്തിന് അത് കണ്ടില്ലെന്ന് നടിക്കുവാൻ സാധിക്കുന്നത് എങ്ങനെയാണ് എന്ന് ഞാൻ അതിശയിച്ചു. ഇത്തരം ദുരിതങ്ങളോട് ക്രിസ്ത്യാനികളുടെ ഭാഗത്ത് നിന്ന് യാതൊരു പ്രതികരണവുമില്ല. നിശ്ശബ്ദത മാത്രം.

ഇക്കാലത്താണ് ഞാൻ ജീവിതത്തിലാദ്യമായി ക്രിസ്തുമതത്തെ കടുപ്പിച്ചു നോക്കാൻ തുടങ്ങിയത്. ക്രിസ്തു മതത്തിന്ന് പിഴച്ചു എന്ന് കരുതാൻ എനിക്ക് സാധിച്ചില്ല. എന്നാൽ യേശുവിന്റെ ദൗത്യത്തിന്റെ ലക്ഷ്യം നീതിയും കാരുണ്യവുമാണെന്ന് എനിക്കറിയാമായിരുന്നു. ഇവ രണ്ടും കണ്ടെത്തുവാൻ ഞൻ ഹതാശമായി ശ്രമിച്ചു. എവിടെയോ എങ്ങനെയോ ഞാൻ വിലമതിച്ചു പോന്ന എല്ലാം കീറിമുറിച്ചിരിക്കുന്നു! ക്രിസ്ത്യൻ പാതിരിമാരോടും സുവിശേഷപ്രവർത്തകരോടുമുള്ള എന്റെ ചോദ്യങ്ങൾക്ക് ഒരേയൊരു മറുപടിയേ ഉണ്ടായിരുന്നുള്ളൂ; അതിന്റെ സാരാംശം ഇങ്ങനെ– ''ശരിയാണ്; സങ്കടകരമായ സംഗതിയാണത്. പക്ഷേ, അത് ദൈവവിധിയാണ്. പഴയനിയമത്തിൽ പറയുന്നുണ്ടല്ലോ അറബികൾ (എന്നു വെച്ചാൽ മുസ്ലിംകൾ) രക്ഷപ്പെടുത്താനാവാത്ത ജനതയാണെന്ന്. ഇഷ്മയേലിന്റെ മക്കളാണവർ. അവരിൽ ക്രിസ്തുമതം

സ്വീകരിക്കുന്നവരൊഴികെയുള്ളവരെല്ലാം നശിച്ചുപോവും.''– എന്നാൽ പലസ്തീനിൽ നശിച്ചുപോകുന്നവരിൽ ക്രിസ്ത്യാനികളുമുണ്ടെന്ന വസ്തുത അവരിൽ മിക്ക ആളുകൾക്കും പ്രശ്നമായിരുന്നില്ല. ഒരുപക്ഷേ, ദൈവത്തിന്റെ സ്നേഹം ലഭിക്കാത്തവരായിരിക്കാം അറബികൾ!

ഇത്തരം വിഷയങ്ങളിൽ, ക്രിസ്തുമതത്തിലെ മതമൗലികവാദികൾ കുറച്ചുകൂടി വെട്ടിത്തുറന്നുപറയുന്ന സമീപനമാണ് കൈക്കൊള്ളുന്നത്. ഇക്കാലത്തൊരിക്കൽ ഞാൻ ഒരു റോമൻ കത്തോലിക്കാ പള്ളിയിൽ ജ്ഞാനസ്നാനച്ചടങ്ങിൽ പങ്കെടുത്തിരുന്നു. മൂന്നു തവണ പുരോഹിതർ ഇങ്ങനെ പറഞ്ഞു: 'അബ്രഹാമിന്റെ വിത്തിനു വേണ്ടി പ്രാർഥിക്കുക, അബ്രഹാമിന്റെ മക്കൾക്കു വേണ്ടിയും ജൂതന്മാർക്കു വേണ്ടിയും പ്രാർഥിക്കുക.'' ഇത്തരം ആക്രോശങ്ങൾ വഴിവെക്കുന്ന യാതൊരു സംഗതിയും ആ ചടങ്ങിലുണ്ടായിരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ എനിക്ക് അത് വളരെ വിചിത്രമായി ത്തോന്നി. ക്രിസ്തുമതത്തിനുള്ളിൽ പകർച്ചവ്യാധി പടർന്നുപിടിക്കുന്നതായി അപ്പോൾ എനിക്കു തോന്നി.

****** *******

പതിനൊന്നാം വയസ്സിലാണ് എനിക്ക് ആദ്യമായി ബൈബിൾ കൈയിൽ കിട്ടുന്നത്. ഉല്പത്തി പുസ്തകവും അബ്രഹാം, ഇഷ്മയേൽ, ഐസക്ക് എന്നിവരെക്കുറിച്ചു പഴയനിയമത്തിലെ വിവരങ്ങളും വായിച്ചപ്പോൾ എനിക്ക് വല്ലാത്ത സങ്കടം തോന്നി. എന്നെ സംബന്ധിച്ചേടത്തോളം മനസ്സ് ചടപ്പിക്കുന്ന സംഗതിയായിരുന്നു ഇത്. ബൈബിൾ ദൈവത്തിന്റെ വാക്കാണെന്നും അതിനെ ചോദ്യം ചെയ്തുകൂടെന്നും ഉറപ്പുണ്ട്. ഈ ഉറപ്പിന്റെ തുടർച്ചയായി ആർക്കും ദൈവത്തിന്റെ ചെയ്തികളെ ചോദ്യം ചെയ്തുകൂടെന്നും ആരും ചോദ്യം ചെയ്യുകയില്ലെന്നും തീർച്ചയുണ്ട്. അതിനാൽ എന്റെ ധാരണകളാണ് പിഴച്ചുപോയത് എന്ന ദുഃഖകരമായ വികാരം എന്നിൽ ബാക്കിയായി. ഒരു കൊച്ചുകുട്ടിയുടെ യുക്തിയാണല്ലോ എനിക്കുള്ളത്. ഇഷ്മായേലിനെ ഉപേക്ഷിച്ചതിനെപ്പറ്റി ഈ കുഞ്ഞു യുക്തിയോടെ ഞാൻ ഓർത്തുകൊണ്ടിരുന്നു. അതെന്റെ മനസ്സിൽ നിറഞ്ഞു കവിഞ്ഞു. എനിക്ക് ആ നിരാകരണത്തിന്റെ പൊരുൾ പിടികിട്ടിയില്ല. അങ്ങനെ ഞാൻ ആ ദുഃഖം മനസ്സിന്റെ പിന്നിലേക്ക് മാറ്റിവെച്ചു. ഒരിക്കലും അതു വെളിച്ചം കാണുകയില്ലെന്ന വിചാരത്തോടെ.

പിൽക്കാലത്ത് മതപഠന ക്ലാസ്സുകളിൽ ഏൽപ്പിക്കുന്ന ചുമതലകളലിൽ നിന്ന് ഞാൻ തന്ത്രപൂർവം ഒഴിഞ്ഞു മാറിക്കൊണ്ടിരുന്നു. അബ്രഹാമിനെക്കുറിച്ചുള്ള ബൈബിൾ വ്യാഖ്യാനങ്ങൾ സെയിന്റ് പോളിന്റെ അധ്യാപനങ്ങൾ– ഈ രണ്ട് വിഷയങ്ങളും ഒഴി

വാക്കാൻ വേണ്ടിയായിരുന്നു പ്രസ്തുത വിദ്യ. ഇവ രണ്ടും, ദൈവിക പദവിയിലും യേശുവിന്റെ സന്ദേശങ്ങളിലും എത്തിച്ചേരാൻ വേണ്ടി നീതിയുക്തവും യുക്ത്യാധിഷ്ഠിതവും വിവേകപൂർവവുമായ പലതിനേയും തള്ളിമാറ്റുന്നുണ്ടെന്ന് എനിക്കു തോന്നി. ദൈവശാസ്ത്രപരമായ കസർത്തുകളുടെ വരേണ്യരൂപങ്ങൾ സ്വീകരിക്കേണ്ടത് ഇവയെ സംബന്ധിച്ചേടത്തോളം ആവശ്യമാണെന്നും എനിക്കു തോന്നുകയുണ്ടായി. ഇരുട്ടിൽ നിന്ന് ഞാൻ പുറത്തേക്ക് വലിക്കപ്പെട്ടത് ഈ മാനസികാവസ്ഥയുടെ പരിണതിയാണ്. കുറ്റം ചെയ്തു എന്നതിന് വ്യക്തമായ തെളിവില്ലാതെ ലിബിയയിൽ ബോംബിടുന്നത് എന്നെ വല്ലാതെ അസ്വസ്ഥയാക്കുന്നു. ഇഷ്മായേലിന്റെ പിന്മുറക്കാരുടെ ചോരക്ക് വേണ്ടി ദാഹിക്കുന്നതിന്റെ ലക്ഷണമണത്; ഭൂമി പൊടുന്നനെ ഇരുണ്ടു പോവുകയാണ്. ദൈവം എന്തുകൊണ്ടാണ് എനിക്ക് സമാധാനം നൽകാത്തത്?

ഇങ്ങനെയൊക്കെയാണെങ്കിൽകൂടി, എന്റെ വികാരങ്ങൾ തികച്ചും മാനുഷികമായിരുന്നു എന്ന സത്യം പറയണമല്ലോ. ഇസ്‌ലാമിനെയോ മുസ്‌ലിംകളെയോ കുറിച്ച് മനസ്സിലാക്കിയിട്ടല്ല ഇതൊന്നും. അവരെപ്പറ്റി ഈ സമയത്ത് എനിക്ക് മതിപ്പുമില്ല. ആദ്യത്തെ അറബി മുസ്‌ലിമിനെ അല്ലാഹു എന്റെ വഴിയിൽ കൊണ്ടിടുകയുണ്ടായിരുന്നുവെന്നു വളരെ വ്യക്തം. ആ സാധു മനുഷ്യനെ ക്രിസ്തുമതത്തിലേക്ക് മാറ്റുവാൻ ഞാൻ ഒരുപാട് സമയവും അധ്വാനവും ചെലവഴിച്ചിട്ടുണ്ട്. മൂപ്പർക്ക് യാതൊരനക്കവുമുണ്ടാവുന്നില്ലെന്ന് കണ്ടപ്പോൾ, ഒരു തരത്തിൽ എനിക്ക് ആശ്വാസമാണ് തോന്നിയത്. ഒരുപാടു വർഷങ്ങളായി പല വിഷയങ്ങളേയും ചോദ്യം ചെയ്തുകൊണ്ടിരിക്കുന്ന ആളാണല്ലോ ഞാൻ. പ്രസ്തുത സംഗതി ഞാൻ ലോകത്തിന് മുമ്പാകെ തുറന്നു സമ്മതിക്കാറില്ലെന്ന് മാത്രം.

ഒരു വെള്ളിയാഴ്ച വൈകുന്നേരം ഞാൻ തോട്ടത്തിൽ നിന്നു കൊണ്ട് ദൈവത്തോട് സത്യമാർഗം കാണിച്ചുതരാൻ യാചിച്ചു. ഞാൻ അഭ്യർഥിച്ചത് ഇപ്രകാരമാണ്. ‘ദൈവമേ, നിന്റെ സത്യം ലഭിക്കുന്നില്ലെങ്കിൽ എനിക്ക് യാതൊന്നുമില്ല.’ കുറച്ചു കാലം കഴിഞ്ഞ് ഈ അറബ് മുസ്‌ലിം മാന്യൻ എന്റെ ജീവിതത്തിലേക്ക് കടന്നുവന്നപ്പോൾ ഇതൊന്നും ഞാൻ ആലോചിച്ചിരുന്നില്ല. അയാളുടെ ക്ഷമയും ആത്മീയതയുമായിരുന്നു എനിക്ക് പ്രധാനം. ദൈവവിശ്വാസമുള്ള ഒരാൾ മുസ്‌ലിമാണ് എന്നത് കഷ്ടം തന്നെ– ഒരുപക്ഷേ, ലോകത്തിലെ ഏറ്റവും നല്ല കുറച്ചു പേരിലൊരാളാണ് അയാൾ എന്നത്.

‘‘പ്രിയപ്പെട്ട പെൺകുട്ടീ’’ അയാൾ പറഞ്ഞു: ‘‘ഞാൻ മുസ്‌ലിമാണ്. നിന്നെയും നിന്റെ മതത്തെയും ബഹുമാനിച്ചുകൊണ്ട് തന്നെ, സത്യമാർഗത്തിൽ ജീവിക്കുന്നതിൽ

ഞാൻ സംതൃപ്തനുമാണ്. എന്നെ മതം മാറ്റാനാവുമെന്ന് ദയവായി നീ വിചാരിക്കരുത്.'' ഞങ്ങൾ വിവാഹിതരാവുക എന്ന അനിവാര്യതയിലാണ് കാര്യങ്ങൾ എത്തിച്ചേർന്നത്. അല്ലാഹുവിന്ന് സ്തുതി. ഞാൻ എന്റെ ക്രിസ്തീയ പാരമ്പര്യവുമായി മല്ലടിച്ചു കൊണ്ടിരുന്നപ്പോൾ അയാൾ യഥാർഥ ഇസ്‌ലാം മതവിശ്വാസിയായി ജീവിച്ചു. ദൈവം തന്റെ അപാരമായ കാരുണ്യത്താൽ എന്റെ പ്രാർഥന കേട്ട വിവരം അയാൾ അറിഞ്ഞതേയില്ല. എന്റെ ആത്മാവ് ഉത്ക്കടമായി അഭിലഷിച്ചത് ആത്മീയമായ ഏതു പാതയിലെത്തിച്ചേരാനാണോ, അതിലേക്ക് ഞാൻ എത്രമാത്രം നടന്നുകഴിഞ്ഞുവെന്ന് അയാൾക്ക് ഊഹിക്കാനായതുമില്ല.

***********

ഞാൻ ധർമസങ്കടങ്ങളെ അഭിമുഖീകരിച്ചുകൊണ്ടിരുന്ന കാലത്ത് തന്നെ ഗ്രെയിസ് ഹാൾസെൽ എന്ന സ്ത്രീയും അനീതിയെന്ന് തനിക്ക് തോന്നിയ ചില സംഗതികളുമായി മല്ലടിച്ചുകൊണ്ടിരിക്കുകയായിരുന്നു. ടെക്സാസിലെ ഒരു 'ബോൺ എഗെയ്ൻ'[3] ക്രിസ്ത്യൻ കുടുംബത്തിൽ പെട്ട സ്ത്രീയായിരുന്നു ഗ്രേസ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ജന്മനഗരം വിട്ട അവർ എഴുത്തു കൊണ്ടാണ് ജീവിച്ചിരുന്നത്. ലോകത്തുടനീളം കുഴപ്പം പിടിച്ച പല സ്ഥലങ്ങളിലും സഞ്ചരിക്കുകയും ജീവിക്കുകയും ചെയ്തുകൊണ്ട് അവർ എഴുത്തുകാരിയായി കഴിഞ്ഞു കൂടി. വിയറ്റ്നാമിൽ എത്തിയപ്പോൾ അവൾ ചോദിച്ച ആദ്യത്തെ ചോദ്യം ഇങ്ങനെയായിരുന്നു–നാം എന്തിനാണ് വിയറ്റ്നാംകാരെ കൊല്ലുന്നത്?

വിയറ്റ്നാമിൽ നിന്ന് വിട്ട ശേഷം ഹാൾസെൽ അമേരിക്കയിലേക്ക് തന്നെ തിരിച്ചുപോയി. വാഷിംഗ്ടൺ ഡി.സിയിലാണ് അവർ സ്ഥിരതാമസമാക്കിയത്. ലിൻഡൻ ജോൺസന്റെ തിരഞ്ഞെടുപ്പ് റിപ്പോർട്ട് ചെയ്യുന്ന ജോലിയായിരുന്നു അവൾക്ക്. പിന്നീടവളെ പ്രസിഡണ്ട് വൈറ്റ്ഹൗസിലെ സ്റ്റാഫ്റൈറ്റർമാരിലൊരാളായി നിയോഗിച്ചു. എന്നാൽ തന്നെ അലട്ടിയ ചില സംഗതികളുടെ സത്യമറിയാനുള്ള അന്വേഷണങ്ങൾക്ക് വേണ്ടി അവൾ ആ ജോലി വിട്ടു. ഇതവളെ നയിച്ചത് സയണിസ്റ്റ് ജൂതന്മാർ വളരുകയും അറബികൾ പൊതുവായും ഫലസ്ഥീനികൾ പ്രത്യേകമായി നശിച്ചു പോവുകയും ചെയ്യുന്ന അവസ്ഥയിലെത്തിയ പുണ്യഭൂമിയുടെ പ്രശ്നങ്ങളെയും പുണ്യഭൂമിയോടുള്ള ക്രിസ്ത്യൻ സയണിസ്റ്റുകളുടെ സമീപനത്തെയും അഭിമുഖീകരിക്കുന്നതിലേക്കാണ്.

അങ്ങനെ 1986 ൽ പ്രവചനവും രാഷ്ട്രീയവും(Prophecy and Politics) എന്ന അവളുടെ ഗ്രന്ഥം[4] പുറത്തിറങ്ങി. ഇതവൾ സമർപ്പിച്ചത് സമാധാനം തേടുന്നവർക്കാണ്. ഈ

പുസ്തകത്തിന്റെ ആമുഖത്തിൽ കൗതുകകരമായ ഒരു കാര്യമുണ്ട്. ഇസ്രായേലിന്റേ തായ എല്ലാറ്റിനേയും ഉയർത്തിപ്പിടിച്ചുകൊണ്ടും അന്തിമയുദ്ധത്തെ അനുകൂലിച്ചു കൊണ്ടും പ്രവചനം സത്യമായിപ്പുലരാൻ വേണ്ട സഹായം നൽകുക എന്നതല്ലാതെ തങ്ങൾക്ക് മറ്റൊരവലംബവുമില്ലെന്ന് കരുതിയിരുന്ന ധാരാളം ക്രിസ്ത്യാനികളുമായി താൻ സംസാരിച്ചുവെന്ന് ഈ ആമുഖത്തിൽ അവർ പറയുന്നു. ഇതേ ചോദ്യം അവൾ എന്നോടും ചോദിക്കുകയുണ്ടായി. അതെനിക്ക് ഒരുപാട് തലവേദനയുണ്ടാക്കി.– ദൈവത്തിന് പ്രിയപ്പെട്ട ഒരു ജനതയുണ്ടോ? ഈ ചോദ്യത്തിന് അവൾക്ക് കിട്ടിയത് 'ജൂതന്മാരെ ആരാണോ അനുഗ്രഹിക്കുന്നത് അവരെ ദൈവവും അനുഗ്രഹിക്കു മെന്നും ജൂതന്മാരെ ആരാണോ ശപിക്കുന്നത് അവരെ ദൈവവും ശപിക്കുമെന്ന' പരാ മർശത്തോട് പൊരുത്തപ്പെട്ടുപോകുന്ന ഉത്തരമാണെന്ന് പുസ്തകത്തിലുടനീളം പറ യുന്നു.[6]

ഹാൾസെല്ലിന്റെ ഗവേഷണം അതിവിപുലമായിരുന്നു. അവൾ ഉന്നതരായ പല അമേ രിക്കക്കാരുമായും അഭിമുഖങ്ങൾ നടത്തി. രണ്ടു തവണ ഇസ്രായേൽ സന്ദർശിച്ചു. അമേരിക്കക്കാരും ഇസ്രായേലികളുമായ ജൂതരോട് സംസാരിച്ചു മുസ്ലിംകളും ക്രിസ്ത്യാനികളുമായ ഫലസ്ഥീനികളോടും അവിടം സന്ദർശിക്കുന്ന ക്രിസ്ത്യാനിക ളായ സയണിസ്റ്റുകളോടും അവൾ സംസാരിക്കുകയുണ്ടായി. 1985 ആഗസ്തിൽ സ്വിറ്റ്സർലണ്ടിൽ നടന്ന ആദ്യത്തെ ക്രിസ്ത്യൻ സയണിസ്റ്റ് സമ്മേളനത്തിൽ പങ്കെടു ത്തു. അമേരിക്കൻ ഗവണ്മെന്റിന്റേയും പല പ്രമുഖ രാഷ്ട്രീയ നേതാക്കളുടെയും നയങ്ങൾ പരിശോധനാവിധേയമാക്കി. ക്രിസ്ത്യൻ സയണിസ്റ്റുകൾ ഇസ്രായേലിന്നു നൽകുന്ന സാമ്പത്തിക പിന്തുണയുടെ വൈപുല്യം തിരിച്ചറിഞ്ഞു. ഈ സംഭാവന യുടെ വലിയൊരു ഭാഗം അൽ അഖ്സ്വാ പള്ളി തകർക്കുകയും ജറുസലേമിൽ ഒരു ദേവാലയം പണിതുയർത്തുകയും ചെയ്യാനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ വേണ്ടിയുള്ളതായിരുന്നു. ശപ്തമായ ഇത്തരം തെളിവുകൾക്കിടയിൽ പോലും അവൾ റിപ്പോർട്ട് ചെയ്യുന്ന രീതി നിഷ്പക്ഷവും ധീരവുമായിരുന്നു. പൊതുവേ ആ രോടും എടുത്തു പറയാവുന്ന പക്ഷപാതമില്ല. എന്നിട്ടും ചില ക്രിസ്ത്യാനികൾ പുസ് തകത്തിന് വിലക്കേർപ്പെടുത്തി എന്നു മാത്രം.

ഹറമുശ്ശരീഫിന്റെ പവിത്രതയെക്കുറിച്ചും മുസ്ലിംകൾ എത്രത്തോളം തീവ്രമായി അതിനെ മനസ്സിൽ കൊണ്ടു നടക്കുന്നുവെന്നതിനെക്കുറിച്ചും ഉള്ളിൽതട്ടിയാണ് അ വൾ എഴുതിയത്. ഫലസ്ഥീനികളെ ഏതെങ്കിലും തരത്തിൽ ആക്രമിക്കുന്നതിനോടും അവരെ പുറത്താക്കുന്നതിനോടും തീർത്തും എതിർപ്പ് പുലർത്തുന്ന ഒട്ടേറെ അറിയ പ്പെട്ട ജൂതരുടെ വാക്കുകൾ ഈ കൃതിയിൽ അവൾ ഉദ്ധരിച്ചിട്ടുണ്ട്. ഈ ജൂതരാരും

തന്നെ 'ഒന്നുകിൽ ക്രിസ്ത്യാനി അല്ലെങ്കിൽ ജൂതൻ' എന്ന സയണിസ്റ്റ് സ്വപ്നത്തെ അംഗീകരിക്കുന്നവരല്ല. ഇസ്രായേലി സയണിസ്റ്റുകളുടെ ലക്ഷ്യങ്ങളെ ആവേശപൂർവം പിന്തുണക്കുന്നതിന്റെ മുൻപന്തിയിൽ ക്രിസ്ത്യൻ സയണിസ്റ്റുകളാണുള്ളത് എന്ന നിഗമനത്തിലാണ് ഹാൾസെൽ എത്തിച്ചേരുന്നത്. എല്ലാ ഇസ്രായേലി ആക്രമണങ്ങളുടെയും നേരെ അവർ പൂർണമായി കണ്ണടക്കുന്നു. 'തിരഞ്ഞെടുക്കപ്പെട്ടവര'ല്ലെന്ന് കരുതുന്ന ഒരു ജനത അനുഭവിക്കുന്ന കഷ്ടപ്പാടുകളുടെയും അനീതിയുടെയും വേദന അൽപം പോലും അവരാരും അറിയുന്നില്ല. ഇതെല്ലാം ക്രിസ്തുമതത്തിന്റെ സത്യമാർഗത്തിൽ നിന്ന് ഏറെ അകലെയാണ് വർത്തിക്കുന്നത്. എന്നാൽ, ബൈബിളിലെ പരാമർശമനുസരിച്ച് അനിവാര്യമെന്ന് തങ്ങൾ വിശ്വസിക്കുന്നതെന്താണോ, പ്രസ്തുത സ്ഥിതി നടപ്പിൽ വരണമെന്നാണ് അവരുടെ ആഗ്രഹം. ലക്ഷ്യം മാർഗങ്ങളെ സാധൂകരിക്കുന്നു എന്നവർ വിശ്വസിക്കുന്നു.

ഈ നിഗമനത്തെ ഒരളവോളം ശരിവെക്കുന്നതാണ് 1985 ൽ ഐക്യരാഷ്ട്രസഭയിലെ ഇസ്രായേലി പ്രതിനിധിയായിരുന്ന ബെൻജമിൻ നെതന്യാഹു ഒരു പ്രാർഥനാ യോഗത്തിൽ നടത്തിയ പ്രസംഗം. ജൂതരാഷ്ട്രമുണ്ടാക്കാൻ ക്രിസ്ത്യാനികളാണ് സഹായിച്ചതെന്ന് അദ്ദേഹം പറഞ്ഞു. 'ഈ നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലോയിഡ് ജോർജ്, ആർതർ ബാൽഫർ, വുഡ്റോവിൽസൺ തുടങ്ങിയ പ്രധാനികളായ നേതാക്കളുടെ ചിന്ത' യെ പല ഇംഗ്ലീഷ് –അമേരിക്കൻ സയണിസ്റ്റുകളും പ്രത്യക്ഷമായി സ്വാധീനിച്ചുവെന്നും അദ്ദേഹം പറഞ്ഞു. ബൈബിൾ പണ്ഢിതന്മാരാണ് അവർ എന്നും ജൂതരാഷ്ട്രത്തിന് അന്താരാഷ്ട്ര തലത്തിൽ രാഷ്ട്രീയാടിത്തറയിടുന്നതിൽ അവരുടെ പങ്ക് നിർണായകമായിരുന്നുവെന്നും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി.

ഈ കഥ തുടങ്ങുന്നത് നവോഥാനത്തോടെയാണെന്ന് ചരിത്ര വസ്തുതകൾ ഉദ്ധരിച്ചുകൊണ്ട് ഹാൾസെൽ പറയുന്നു. പതിനാറും പതിനേഴും നൂറ്റാണ്ടുകളിലാണ് ആദ്യമായി പ്രൊട്ടസ്റ്റന്റ് ക്രിസ്ത്യാനികൾക്ക് ബൈബിളിലേക്ക് പ്രവേശനം ലഭിച്ചത്. അവർ സ്വന്തം ആവശ്യങ്ങൾക്കു വേണ്ടി ബൈബിൾ വ്യാഖ്യാനമാരംഭിച്ചു. നവോഥാന കാലത്ത് ഹിബ്രു പഠനത്തിൽ താൽപര്യം വർധിച്ചതോടെ ജൂതന്മാരിൽ ജനശ്രദ്ധ കേന്ദ്രീകരിക്കപ്പെട്ടു തുടങ്ങി.

ലോക വാണിജ്യലോകത്ത് ജൂതന്മാർ വഹിച്ചുപോരുന്ന സാമ്പത്തിക പങ്കാളിത്തം ഈ താൽപര്യങ്ങൾക്ക് ആക്കം വർധിപ്പിച്ചു. ആധുനിക ക്രിസ്ത്യൻ സയണിസ്റ്റുകളുടെ ആവേശത്തിന്റെ പ്രമുഖ പ്രേരണ സ്കോഫീൽഡിന്റെ ദൈവശാസ്ത്രമാണെന്നാണ് ഹാൾസെല്ലിന്റെ അഭിപ്രായം. ഈ ദൈവശാസ്ത്ര സിദ്ധാന്തങ്ങൾ വഴിയാണ് ദൈവത്തിന്റെ മുമ്പാകെ രണ്ട് ജനതയേയുള്ളൂ എന്നദ്ദേഹം പ്രചരിപ്പിച്ചത്. അവർക്ക്

മാത്രമേയുള്ളൂ ദൈവത്തിന്റെ മുമ്പാകെ പ്രാധാന്യം. അവരിൽ ഒരു കൂട്ടർ ഇസ്രാ യേൽ ആണ്. ഭൂമിയിൽ ദൈവത്തിന്റെ സാമ്രാജ്യമാണ് ഇസ്രായേൽ. രണ്ടാമത്തേത് ക്രിസ്ത്യാനികളും. ദൈവത്തിന്റെ ആത്മീയസാമ്രാജ്യമാണല്ലോ ക്രിസ്ത്യാനികൾ. സ്കോഫീൽഡ് വിഭാവനം ചെയ്യുന്ന ദൈവശാസ്ത്ര വ്യവസ്ഥ പുതിയതൊന്നുമല്ല എങ്കിലും അയർലണ്ടിലെ ഡബ്ലിനിൽ ട്രിനിറ്റി കോളജിൽ പഠിച്ച പത്തൊമ്പതാം നൂറ്റാ ണ്ടിലെ ആംഗ്ലിക്കൻ പുരോഹിതനായ ജോൺ നെൽസൺ ഡാർബിയുടെ രചനകൾ ഈ സിദ്ധാന്തത്തെ സ്വാധീനിച്ചിട്ടുണ്ട്.

ഹാൾസെൽ പറയുന്നത് ആധുനിക ക്രിസ്ത്യൻ സയണിസത്തിന് ആവേശം നൽ കിയ മറ്റൊരു ഘടകം സ്കോഫീൽഡ് 1909 ൽ പുറത്തിറക്കിയ ബൈബിളിലെ പരാമർ ശങ്ങളാണെന്നാണ്. പള്ളിമേടയിലിരിക്കുന്ന പലർക്കും സ്കോഫീൽഡിന്റെ വാക്കു കളും പരിശുദ്ധാത്മാവിന്റെ വാക്കുകളും[7] തമ്മിൽ തിരിച്ചറിയാൻ സാധിക്കാതെ പോയി എന്ന പരാമർശം, ആത്മാർഥതയുള്ളവരും എന്നാൽ ശുദ്ധമനസ്കരുമായ വിശ്വാസികളിൽ സ്കോഫീൽഡിന്റെ മൊഴികൾ എത്രമാത്രം സ്വാധീനം ചെലുത്തി എന്ന് സൂചിപ്പിക്കുന്നു. വിശേഷിച്ചും അമേരിക്കക്കാരിൽ.

എന്നാൽ ഇസ്ലാമിന്റെ ദൈവശാസ്ത്രവശങ്ങളിലേക്ക് ഹാൾസൽ കൂടുതൽ കടന്നു ചെന്നിട്ടില്ല എന്നതാണ് ദുഃഖകരം. ഉത്തരം കിട്ടണമെന്ന് ഞങ്ങളിരുവരും ഉത്ക്കട മായി ആഗ്രഹിച്ച ചോദ്യത്തിന്റെ പൂർണമായ ഉത്തരം ഇസ്ലാമിലുണ്ടെന്ന് ഞാൻ കരുതുന്നു. എങ്കിലും ഹാൾസെല്ലിന്റെ കണ്ടെത്തലുകളുടെ പ്രാധാന്യം കാണാതിരു ന്നുകൂടാ. കാരണം അന്താരാഷ്ട്ര രംഗത്ത് നേരത്തെ കൈകൊണ്ടിട്ടുള്ള പല തീരുമാ നങ്ങൾക്കും ഈ കണ്ടെത്തലുകൾ ബാധകമാണ്. മറ്റു ചില തീരുമാനങ്ങളുടെ പരി ണതികളെ ഇന്നും അവ സ്വാധീനിക്കുന്നു. ഇടയ്ക്കെപ്പോഴെങ്കിലും സമാധാനത്തിലേ ക്കുള്ള ശ്രദ്ധേയമായ ചില ചുവടുവെയ്പുകൾ ഉണ്ടായിരിക്കാമെങ്കിൽപ്പോലും സത്യം, നീതി, തുല്യത എന്നിവ നിരാകരിക്കപ്പെടുന്ന കാലത്തോളം ലോകവീക്ഷണം ഗുണപരമാണെന്ന് പറഞ്ഞുകൂടാ.

*******

പലസ്തീനിലെ മുസ്ലിംകളെയും ക്രിസ്ത്യാനികളെയും ബാധിക്കുന്ന ക്രിസ്ത്യൻ സയണിസത്തെപ്പറ്റി പരാമർശിച്ച മറ്റൊരു ക്രിസ്ത്യൻ എഴുത്തുകാരനാണ് ജെ. വാർണർ. 1996 ൽ അമേരിക്കയിലെ ഒരു ക്രിസ്ത്യൻ ന്യൂസ് മാഗസിനിലായിരുന്നു ഈ രചന. ജോൺ നെൽസൺ ഡാർബി (1800–1882) യിൽ അദ്ദേഹം ക്രിസ്ത്യൻ സയണിസത്തിന്റെ ഉത്ഭവം തേടിയെത്തുന്നു. സ്കോഫീൽഡിന്റെ രചനകളാണ്

പ്രധാനമെന്ന് ഹാൾസെൽ കരുതുമ്പോൾ വാർണർ മറ്റു രണ്ട് ക്രിസ്തീയ നേതാക്കളെയും കൂട്ടത്തിൽ ചേർക്കുന്നു. ഡൈ്വറ്റ് എൽ. മൂഡി, വില്യം ഇ. ബ്ലാക്ക് സ്റ്റൺ എന്നിവരാണ് ഈ പ്രമുഖർ. സുവിശേഷ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ക്രിസ്തീയ കാഴ്ചപ്പാടുകളെ ഈ മൂന്നു പേരും നന്നായി സ്വാധീനിച്ചിട്ടുണ്ട്.

പലസ്തീനിൽ ഒരു ജൂതരാഷ്ട്രം എന്ന ആശയത്തെ പിന്തുണക്കണമെന്ന് ബ്ലാക്ക് സ്റ്റൺ സജീവമായി പ്രചാരവേലകൾ നടത്തിയിരുന്നു. 1891 ൽ അദ്ദേഹം അന്നത്തെ പ്രസിഡണ്ട് ഹാരിസണോടും പ്രമുഖ പ്രവിശ്യകളിലെ ഗവർണർമാരോടും പ്രധാനപ്പെട്ട പത്രങ്ങളോടും ജോൺഡി റോക്ക് ഫെല്ലർ, ചാൾസ് ബി സ്ക്രിബ്നർ, ജെ.പി മോർഗൻ തുടങ്ങിയ പണക്കാരോടും അതിനു വേണ്ട ധനസഹായം നൽകാൻ അഭ്യർഥിക്കുകയുണ്ടായി. ഉഗാണ്ടയിലോ അർജന്റീനിയിലോ ജൂതരാഷ്ട്രം സ്ഥാപിക്കാൻ സയണിസ്റ്റ് നേതാവായ തിയോഡർ ഹെർസൽ[8] ആലോചിക്കുന്നുവെന്ന് കേട്ടറിഞ്ഞപ്പോൾ ബ്ലാക്ക്സ്റ്റൺ അദ്ദേഹത്തിന് ഒരു ബൈബിൾ അയച്ചുകൊടുത്തുവെന്നും അതിൽ ഇസ്രായേലിനെക്കുറിച്ചും പലസ്തീനെക്കുറിച്ചുമുള്ള എല്ലാ പരാമർശങ്ങളും അടയാളപ്പെടുത്തി എന്നും വാർണറും എഴുതിയിട്ടുണ്ട്. പലസ്തീനിൽ മാത്രമേ ജൂതരാഷ്ട്രം സ്ഥാപിക്കാവൂ എന്ന് ബ്ലാക്ക്സ്റ്റൺ നിർദേശിക്കുകയും ചെയ്തു.[9]

ക്രിസ്ത്യൻ സയണിസ്റ്റ് ലോബി അമേരിക്കൻ നയങ്ങളുടെ മേൽ ചെലുത്തുന്ന രാഷ്ട്രീയ സ്വാധീനത്തെക്കുറിച്ചും വാർണർ പരാമർശിക്കുന്നുണ്ട്. വിശേഷിച്ചും റീഗൺ ഭരണകാലത്ത് അത് എത്രമാത്രം ശക്തമായിരുന്നുവെന്നതിനെപ്പറ്റി. ഞാൻ നേരത്തെ എഴുതിയ പോലെ, മുഖ്യധാരാ ക്രിസ്ത്യൻ സയണിസത്തിന്ന് പ്രൊട്ടസ്റ്റന്റ്- റോമൻ കത്തോലിക്കാ രൂപങ്ങളുണ്ട്. ജൂതരുടെ വിമോചനമാർഗമായി ആധുനിക രാഷ്ട്രീയ സയണിസത്തെ ഉയർത്തിപ്പിടിക്കാൻ ബൈബിൾപരവും ദൈവശാസ്ത്രപരവുമായ പല വാദങ്ങളും അവ മുന്നോട്ടു വെക്കുന്നു. ജൂതന്മാരുടെ കൂട്ടക്കൊലയുടെ ഉത്തരവാദിത്തം തങ്ങൾക്കുണ്ടെന്നും ഇസ്രയേലിന്റെ നിലനിൽപ്പിലൂടെ ഈ കുറ്റത്തിന് പ്രായശ്ചിത്തം ചെയ്യാമെന്നും അവർ വിശ്വസിക്കുന്നു എന്നാണ് അദ്ദേഹത്തിന്റെ നിരീക്ഷണം. ജൂതന്മാർക്കു വേണ്ടി പ്രാർഥിക്കാൻ ഞാൻ, അന്നു കണ്ട പാതിരിയച്ചൻ ആവശ്യപ്പെട്ടതിന്റെ പൊരുളും ഇതു തന്നെ.

1979 മെയ് മാസത്തിലും 1981 മെയ് മാസത്തിലും ഇസ്രായേലി-പലസ്തീൻ പ്രശ്നത്തിലെ ക്രിസ്തീയ സമൂഹത്തിന്റെ മതമൗലികവാദ നിലപാടുകളെ ചോദ്യം ചെയ്യുന്ന ആദ്യത്തെ പൊതുയോഗങ്ങൾ അമേരിക്കയിൽ നടന്നു എന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു. ഇല്ലിനോയിലെ ലാഗ്രാൻജിലാണ് ഈ യോഗങ്ങൾ നടന്നത്. പല സയണിസ്റ്റ്

സംഘടനകളും ഈ യോഗങ്ങളെ എതിർത്തിരുന്നു. എന്നാൽ ഒന്നും രണ്ടും ലാഗ്രാൻജ് പ്രഖ്യാപനങ്ങൾ ഒപ്പുവെക്കുന്നത് തടയാൻ ഈ എതിർപ്പുകൾ പര്യാപ്തമായില്ല. അയ്യായിരത്തിലേറെ ക്രിസ്ത്യാനികളാണ് ഈ പ്രഖ്യാപനങ്ങളിൽ ഒപ്പു വെച്ചത്. ഇങ്ങനെയാണ് പ്രസ്തുത പ്രഖ്യാപനം.

''ക്രിസ്തുവിനോടും ദൈവരാജ്യത്തോടും പ്രതിബദ്ധതയുള്ള വിശ്വാസികളെന്ന നിലയിൽ, മദ്ധ്യപൗരസ്ത്യ ദേശത്ത് നടക്കുന്ന സംഘർഷങ്ങളുടെ നേരെ പുലർത്തുന്ന നിലപാടുകളുമായി ബന്ധപ്പെട്ട് മറ്റു ക്രിസ്ത്യാനികൾ വ്യാപകമായ തോതിൽ വച്ചുപുലർത്തുന്ന രാഷ്ട്രീയക്കൂറിനെയും ബൈബിൾ വ്യാഖ്യാനങ്ങളെയും ഞങ്ങൾ ചോദ്യം ചെയ്യുന്നു. നമ്മുടെ നാഥൻ നടക്കുകയും പാഠങ്ങൾ പഠിപ്പിക്കുകയും കുരിശിലേറുകയും മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്ത മണ്ണിൽ, ചതഞ്ഞു തകർന്ന മുളങ്കൂട്ടങ്ങളെപ്പോലെ, നീതിക്കു വേണ്ടി കരഞ്ഞുഴറുന്ന ശബ്ദങ്ങളുണ്ട്. ഈ ശബ്ദങ്ങൾ ശ്രവിക്കാനും ശ്രദ്ധിക്കാനും ഞങ്ങൾ യേശുക്രിസ്തുവിന്റെ സഭയോട് അടിയന്തിരമായി ആവശ്യപ്പെടുന്നു. ഈ ശബ്ദങ്ങളുടെ നേരെ നാം നമ്മുടെ ഹൃദയങ്ങൾ കൊട്ടിയടച്ചിരിക്കുകയാണ്. ആ മണ്ണിൽ ഇപ്പോഴും ജീവിക്കുന്ന ക്രിസ്ത്യാനികളായ സഹോദരന്മാരുണ്ട്. അവരുടെ അഭ്യർഥനകളിൽ നിന്നു പോലും നാം സ്വയം മാറിനിൽക്കുന്നു.

പലസ്തീനിയൻ ജനത അധിവസിച്ചു പോന്ന മണ്ണിൽ ആധുനിക ഇസ്രയേൽ സ്ഥാപിക്കുവാനുള്ള ദൈവികമായ അവകാശവും ആ പ്രദേശത്ത് അധിനിവേശം നടത്താൻ ദൈവികമായ അനുമതിയും ബൈബിൾ നൽകുന്നുണ്ടെന്നാണ് എണ്ണമറ്റ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. ഈ വസ്തുത ഞങ്ങളെ ദുഃഖിപ്പിക്കുന്നു.

ഇസ്രായേൽ രാഷ്ട്രം സ്ഥാപിക്കുന്ന പ്രക്രിയയിൽ പലസ്തീനിയൻ ജനതയോട് കടുത്ത അനീതിയാണ് ചെയ്തിട്ടുള്ളതെന്ന ദൃഢവിശ്വാസം ഞങ്ങൾ തുറന്നു പ്രഖ്യാപിക്കുന്നു. അവരുടെ ഭൂമി പിടിച്ചടക്കിക്കൊണ്ടും ഒരുപാട് പേരെ പ്രവാസത്തിലേക്കും എന്തിനേറെ മരണത്തിലേക്കു പോലും തള്ളിവിട്ടുകൊണ്ടുമാണിത് ചെയ്തത്. അതിലുപരിയായി, പതിമൂന്നു കൊല്ലങ്ങളായി ജോർദാൻ നദിയുടെ പടിഞ്ഞാറൻ തീരം, ഗാസ, കിഴക്കൻ ജറൂസലം എന്നിവയടങ്ങുന്ന പുണ്യഭൂമിയുടെ വലിയൊരു ഭാഗവും അവിടുത്തെ ജനതയും നമ്മുടെ നാഥന്റെ കാലത്തെന്ന പോലെ, വൈദേശികമായ സൈനികാധിനിവേശത്തിന് കീഴിലാണ്. ഭൂമി അതിലെ താമസക്കാരിൽ നിന്ന് പിടിച്ചെടുക്കുന്നു, കൃഷിക്കുള്ള വെള്ളത്തിന് റേഷനും നിയന്ത്രണവും ഏർപ്പെടുത്തുന്നു, സ്കൂളുകളും സർവകലാശാലകളും ഇസ്രായേലീ സൈനികാധികാരികൾ അടച്ചുപൂട്ടുന്നു.... മനുഷ്യത്വരഹിതമായ ഈ യാഥാർഥ്യങ്ങളുടെ നേർക്കുള്ള നമ്മുടെ

നിശ്ശബ്ദതയുടേയും അലംഭാവത്തിന്റെയും ഹൃദയ കാഠിന്യത്തിന്റേയും ഭീരുത്വത്തിന്റെയും കുറ്റമേൽക്കുകയാണ് ഞങ്ങൾ'' 10

മനുഷ്യാവകാശപ്രശ്നങ്ങളാണ് കാര്യങ്ങൾ നിയന്ത്രിക്കുന്ന ഘടകങ്ങളെന്ന് ഒരിക്കൽക്കൂടി നമുക്ക് കാണാവുന്നതാണ്. ആക്രമണങ്ങൾക്കും അനീതിക്കും എതിരായി മുന്നോട്ടു നീങ്ങുന്ന പല ക്രിസ്ത്യാനികൾക്കും ഇസ്ലാമിന്റെ സന്ദേശത്തെപ്പറ്റി യാതൊന്നും അറിയുകയില്ല. എന്നാൽ അവർ മനസ്സിൽ കൊണ്ടുനടക്കുന്ന ക്രിസ്തീയാദർശങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നത് അല്ലാഹുവിന്റെ വാക്കുകളാണ്. അവൻ ഇപ്രകാരം പറയുന്നു:''പിന്നീട് അവർക്കു പിറകെ നാം നിരന്തരം നമ്മുടെ ദൂതന്മാരെ നിയോഗിച്ചു. മർയമിന്റെ മകൻ ഈസയേയും അയച്ചു. അദ്ദേഹത്തിന് നാം വേദം നൽകി. അദ്ദേഹത്തെ അനുഗമിച്ചവരുടെ ഹൃദയങ്ങളിൽ കൃപയും കാരുണ്യവും വിളയിച്ചു...(അൽ ഹദീദ് 57/27).

********

ഇന്നത്തെ വഴിപിഴച്ച കാഴ്ചപ്പാടിന്റെ തുടക്കം പതിനാറും പതിനേഴും നൂറ്റാണ്ടുകളിലാണെന്ന് ഹാൾസെല്ലും വാർഡും ചൂണ്ടിക്കാട്ടിയ കാര്യം നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ. ഈ കാഴ്ചപ്പാട് സാധാരണക്കാരെ സ്പർശിച്ചുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കുരിശുയുദ്ധങ്ങൾ ഇസ്ലാമിന്റെ ലക്ഷ്യങ്ങൾക്ക് അപരിഹാര്യമായ പരിക്കുകൾ സൃഷ്ടിച്ചുവെന്ന് കരുതുന്ന വേറെയും ഒരുപാടു പേരുണ്ട്.

പതിനൊന്നും പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടുകളിൽ നടന്ന ഈ പോരാട്ടങ്ങളിൽ ജറൂസലമിന്റെയും മറ്റു പുണ്യഭൂമികളുടെയും മേൽ ആധിപത്യം നേടാനുള്ള യുദ്ധത്തിന്റെ ഭാഗമായി യൂറോപ്യൻ പട്ടാളക്കാർ മുസ്ലിംകളോട് 'വിശുദ്ധ'യുദ്ധത്തിലേർപ്പെട്ടു. ക്രിസ്ത്യാനികളുടെ ചിഹ്നമായ കുരിശുമേന്തിയാണവർ യുദ്ധത്തിനിറങ്ങിയത്. ക്രിസ്ത്യാനികളായ പട്ടാളക്കാർ എന്നറിയപ്പെട്ട അവർ മതാചാരമനുസരിച്ച് ജീവിക്കുന്നവരാണോ അല്ലേ എന്നതൊന്നും പ്രശ്നമേ അല്ലായിരുന്നു. സ്വീകാര്യമായി കരുതപ്പെട്ട ക്രൂരകൃത്യങ്ങളുടെ കഥകളാണ് ചരിത്രം നമ്മോട് പറയുന്നത്. കുരിശുയുദ്ധത്തിന്റെ കഥകളെഴുതിയ കയേനിലെ റാഡുൾഫ് പറഞ്ഞ ഒരു കഥ ഇസ്രായേൽ ഷമീർ ഇപ്രകാരം ഉദ്ധരിക്കുന്നുണ്ട്. ഒരു സിറിയൻ നഗരത്തിൽ എത്തിയ മറ്റു കുരിശുയുദ്ധ പോരാളികളെപ്പറ്റി അയാൾ പറയുന്നത് ഇങ്ങനെയാണ്: ''അവർ കുഞ്ഞുങ്ങളെ കൂർത്ത കമ്പി കൊണ്ട് കുത്തിക്കൊന്നു, എന്നിട്ട് ചുട്ടു തിന്നു.'' മുസ്ലിംകളെപ്പറ്റി പ്രാകൃതരായ കാട്ടാളന്മാർ എന്നാണ് പറഞ്ഞത്. 'ക്രിസ്ത്യാനി'കളുടെ ചെയ്തികളെ വിമർശിച്ചിരുന്നില്ല.

ചരിത്രത്തിലുടനീളം പ്രചാരവേലകൾ യുദ്ധത്തിലെ അനിവാര്യതയാണ് എന്നതാണ് സങ്കടകരം. സഹോദരന്മാരായി കണക്കാക്കുന്നില്ലെന്നാൽ പോലും മനുഷ്യരെന്ന നിലക്കെങ്കിലും നോക്കിക്കാണേണ്ടവരായ ആളുകളെ കൊല്ലുന്നത് സ്വീകാര്യമാക്കി ത്തീർക്കാൻ സത്യം വികലമാക്കേണ്ടതുണ്ട്. ദൈവം നമ്മുടെ ഭാഗത്താണ് എന്നായി രുന്നു മുറവിളി. നിർഭാഗ്യകരമെന്നു പറയട്ടെ, ആ മുറവിളി ഇരുപത്തിയൊന്നാം നൂറ്റാ ണ്ടിലും മുഴങ്ങിക്കേൾക്കുന്നു. ജനനേതാക്കളെന്ന് പറയുന്നവർ, വാതോരാതെ നട ത്തുന്ന സ്വാർഥപ്രേരിതമായ ഇത്തരം പ്രഖ്യാപനങ്ങൾക്കു പിന്നിലുള്ള യഥാർഥ രാഷ്ട്രീയമോ സത്യമോ അറിയാതെ ഇപ്പോഴും ചെറുപ്പക്കാർ ഈ മുറവിളികളോട് ഹൃദയം കൊണ്ടും ജീവിതങ്ങൾ കൊണ്ടും പ്രതികരിക്കുന്നു.

‘കുരിശുയുദ്ധ കാലത്തെ അറബ് ചരിത്രകാരന്മാർ’ എന്ന പേരിൽ ഫ്രാൻസെസ്കോ ഗാബ്രിയേലിയുടെ ഒരു പുസ്തകമുണ്ട്(Arab Historians of the Crusade) അക്കാലത്തെ മുസ്ലിംകളുടെ വീക്ഷണകോണിൽ നിന്നു കൊണ്ട് രേഖപ്പെടുത്തിയ ഈ കൃതി എടുത്തു പറയേണ്ട രചനയാണ്. ഇബ്നുൽ ആസിർ, ഇബ്നുൽ ഖലാനിസി, ഇബ്നു വാസിൽ, അബൂശാമഃ, ഇബ്നുൽ ജൗസി എന്നിവരടക്കം പതിനേഴ് മുസ്ലിം ഗ്രന്ഥ കാരന്മാരുടെ രചനകൾ അദ്ദേഹം ഉദ്ധരിച്ചിട്ടുണ്ട്. പുസ്തകത്തിന്റെ പുറംചട്ടയിൽ അദ്ദേഹത്തിന്റേതായി ഇങ്ങനെയൊരു പ്രസ്താവനയുണ്ട്-‘‘വർഷങ്ങളോളം ഞാൻ മുസ്ലിം ലോകത്തെപ്പറ്റി പഠിച്ചിട്ടുണ്ട്. ഒരു സംസ്കാരത്തെ ഇത്രയും അനുഭാവ ത്തോടെ ഉൾക്കൊള്ളുകയും ആദരിക്കുകയും ചെയ്യുന്ന അനുഭവം മറ്റൊരിക്കലും എനിക്കുണ്ടായിട്ടില്ല. സഹനം, അർപ്പണബോധം, ആത്മത്യാഗം, നഷ്ടപ്പെട്ടതു വീണ്ടെ ടുക്കുന്നതിൽ അതിശയകരമായ വഴക്കുവും കരുത്തും, പരമമായ നിയമത്തിലുള്ള വഴങ്ങാത്ത വിശ്വാസം എന്നിവയാണ് പ്രസ്തുത സംസ്കാരം ഉൾക്കൊള്ളുന്നത്. ഈ ഗുണവിശേഷങ്ങൾ പ്രകടമാക്കുന്നത് നമ്മുടെ ശത്രുക്കളാകയാൽ ഈ ഗുണങ്ങളെ പ്പറ്റി ബന്ധപ്പെട്ട വൈകല്യങ്ങൾ എണ്ണിപ്പറഞ്ഞു കൊണ്ടാണ് അവരെക്കുറിച്ച് വിവരി ക്കുന്നത്. നമ്മുടെ വിശ്വാസങ്ങളെ നിരാകരിക്കണമെന്നില്ല, വസ്തുതകളിൽ നിന്ന് ഒഴി ഞ്ഞുനിൽക്കണമെന്നുമില്ല, എന്നാൽത്തന്നെയും അർഹിക്കുന്ന സ്ഥാനം അവർക്ക് നൽകാൻ സമയമായി[12]

************

മുസ്ലിം വിരുദ്ധ വികാരങ്ങൾക്ക് കുരിശുയുദ്ധം കാരണമായിട്ടുണ്ട് എന്ന് അനുമാനി ക്കുന്നത് യുക്തിസഹമാണ്. ഇംഗ്ലീഷ് ഭാഷയുടെ ചില അവശിഷ്ടങ്ങളിൽ നിന്ന് ഇത് സ്പഷ്ടമാണ്. ഇപ്പോഴും അവ ഒറ്റനോട്ടത്തിൽ തന്നെ കാണാം. ഏതാനും വർഷ

ങ്ങൾക്കു മുമ്പ്, ഒരു പ്രത്യേക പദ്ധതിയെപ്പറ്റി ഗവേഷണം നടത്തുന്നതിന്നിടയിൽ, ലഹളയുണ്ടാക്കുന്ന പെണ്ണ് എന്ന അർഥത്തിൽ ടെർമെഗന്റ് എന്ന വാക്ക് ഉപയോഗിക്കുന്നതായി എന്റെ കണ്ണിൽ പെട്ടിരുന്നു. വിചിത്രമായ ഒരു പദം! ഈ വാക്ക് എങ്ങനെ രൂപപ്പെട്ടു എന്നറിയാൻ പരിശ്രമിച്ചപ്പോൾ മദ്ധ്യശതകക്കാലത്തെ സദാചാര നാടകങ്ങളിൽ മിക്കവയിലും മഹമ്മദീയ ദേവതയായി ഒരു സാങ്കൽപിക കഥാപാത്രമുണ്ടായിരുന്നുവെന്ന് എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. ഒരിടത്ത് ഇങ്ങനെ പറയുന്നു–''ഈ നാടകകൃത്തുക്കളെല്ലാം ക്രിസ്ത്യാനികളായതിനാൽ മുസ്‌ലിം ദൈവത്തെ പ്രതിനിധാനം ചെയ്യുന്ന ടെർവാഗന്റ് ഹിംസോത്സുകവും അന്തസ്സുകെട്ടതും വഷളത്തം നിറഞ്ഞതുമായ ഒരു കഥാപാത്രമായാണ് പ്രത്യക്ഷപ്പെട്ടത്. കാലം ചെന്നതോടെ ടെർവാഗന്റ് എന്ന പദം ടെർമഗന്റ് എന്നായി മാറി. വഴക്കാളിയായ ഏത് പെണ്ണിനെയും സൂചിപ്പിക്കാനാണ് ഇന്ന് ഈ വാക്ക് ഉപയോഗിക്കുന്നത്(മുസ്‌ലിംകൾ ആരാധിക്കുന്ന പിശാച് എന്നും ചിലർ ഈ വാക്കിന് അർഥം പറയാറുണ്ട്.).

മുസ്‌ലിംകളുടെ ദൈവത്തിന് ഇങ്ങനെയൊരു സ്ത്രീരൂപം നൽകി എന്നത് ഗർഹണീയമാണ് എന്നതിലപ്പുറം സ്പഷ്ടമായ മറ്റൊരു കാര്യവുമുണ്ട്. ഇസ്‌ലാമിൽ സ്രഷ്ടാവായ ഒരേയൊരു ദൈവമേയുള്ളൂ എന്ന സത്യം അവഗണിക്കപ്പെട്ടു. പ്രാകൃത ദൈവങ്ങളെ ആരാധിക്കുന്ന കിരാതന്മാരാണ് മുസ്‌ലിംകൾ എന്ന പ്രചാരണമാണ് യൂറോപ്പിലുടനീളം നിറഞ്ഞുനിന്നത്. ആയതിനാൽ യൂറോപ്പ് പൂർണമായും ഈ തട്ടിപ്പിലകപ്പെട്ടു. അക്കാലത്ത് വളരെക്കുറച്ചു പേർക്കു മാത്രമേ വിദ്യാഭ്യാസമുണ്ടായിരുന്നുള്ളൂ. ഈ കുറച്ചു പേർ പറയുന്നതായിരുന്നു നിയമം. ഇന്നത്തെപ്പോലെ അന്നും കാര്യങ്ങൾ അറിയാവുന്നവർ ബോധപൂർവം, വഞ്ചനാത്മകമായി ഭൂരിപക്ഷത്തെ വഴിപിഴപ്പിച്ചു. ലോകത്തുടനീളമുള്ള വിദൂര പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ്, ജർമൻ, പോർത്തുഗീസ്, ഡച്ച് കോളനികളിലും ഈ തെറ്റായ ധാരണകൾ പ്രചരിച്ചു. ആസ്ട്രേലിയയിൽ നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഈ പ്രചരണം ഇന്നും നിലനിൽക്കുന്നു. ഞാനും അതിന്ന് വിധേയയായി എന്ന് സമ്മതിക്കുകയാണ്.

ഏതായാലും ഒരു കാര്യം നാം ഓർക്കേണ്ടതുണ്ട്. പ്രത്യക്ഷവും വ്യതിരിക്തവുമായ മുസ്‌ലിം വിരുദ്ധചിന്താഗതിക്ക് കുരിശുയുദ്ധങ്ങൾ കാരണമായെങ്കിലും ജൂതർക്ക് അനുകൂലമായ നിലപാടുകൾക്ക് അവ ബീജാവാപം നടത്തിയിട്ടില്ല. സത്യത്തിൽ അന്യ രാജ്യങ്ങളിൽ ഒരുതരം ജൂതവിരുദ്ധ വികാരമുണ്ടായിരുന്നുവെന്ന് പോലും പറയാം. 1480 ലാണ് സ്പെയിനിൽ മതവിചാരണകൾ ആരംഭിച്ചത്. അന്നു മുതൽ മുസ്‌ലിംകളും ജൂതന്മാരും ഒരേപോലെ പീഡിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്തിരു

ന്നു. ക്രിസ്തുമതം സ്വീകരിക്കുക മാത്രമായിരുന്നു ഈ പീഡനങ്ങളിൽ നിന്ന് രക്ഷ പ്രാപിക്കാനുള്ള ഒരേയൊരു വഴി.

ഇപ്പോൾ ജൂതന്മാർക്കു നേരെ മതപരവും രാഷ്ട്രീയവുമായ യാതൊരു അനിഷ്ടവുമി ല്ലെങ്കിൽത്തന്നെയും ഇസ്ലാമിക വിരുദ്ധ വികാരത്തിന് വീണ്ടും തീ കൊളുത്തുക എളുപ്പമാണ്. ശീതയുദ്ധം ഉരുകിത്തീർന്നതോടെ പാശ്ചാത്യരാജ്യങ്ങളെ റഷ്യ ആക്രമി ച്ചേക്കുമോ എന്ന ഭീഷണി അവസാനിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഒരുകാര്യം വളരെ വ്യക്തം. ലോകസമാധാനത്തിന്റെ മുഖ്യശത്രുക്കളായി പടിഞ്ഞാ റൻ രാജ്യങ്ങൾ ഇന്നു കാണുന്നത് ഇസ്ലാമിനെയും മുസ്ലിംകളെയുമാണ്. സാർവ ലൗകിക തലത്തിൽ ഈ വികാരമാണ് സ്വീകാര്യമെങ്കിൽ, വ്യക്തികളുടെ പ്രതികരണ ങ്ങൾ എങ്ങനെ മറിച്ചാവാൻ?

കുറിപ്പുകൾ

1. ബൈബിൾ : ലൂക്കോസ് എഴുതിയ സുവിശേഷം 6: 27

2. ബൈബിൾ : മത്തായി എഴുതിയ സുവിശേഷം 5: 7

3. പുനർജനിച്ച ക്രിസ്ത്യാനികൾ എന്ന് പ്രയോഗം യോഹന്നാൻ എഴുതിയ സുവിശേ ഷത്തിൽ കാണാം(3:3) യേശു ഒരിക്കൽ പരീശന്മാരുടെ കൂട്ടത്തിലുള്ള നിക്കോദോമ സിനോട് ഇപ്രകാരം പറഞ്ഞു: ''പുതുതായി ജനിച്ചില്ലെങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല.'' മതമൗലികവാദികളായ ക്രിസ്ത്യാനികൾ ഇതൊരു പ്രമാ ണവും അടയാളവുമായി കാണുന്നു. കുരിശാരോഹണത്തിലൂടെയുള്ള മോക്ഷം എന്ന അർഥം നൽകിയാണ് അവർ അതു വ്യാഖ്യാനിക്കുന്നത്. നിങ്ങൾ 'പുതുതായി ജനിച്ചുവോ' അഥവാ 'നിങ്ങൾ മോചിപ്പിക്കപ്പെട്ടുവോ' എന്നവർ ചോദിക്കുന്നു.

4. ഗ്രെയിസ് ഹാൾസെൽ *'പ്രവചനവും രാഷ്ട്രീയവും'*(Prophecy and Politics, Laurence Hill & Company USA 1986)

5. അർമഗെദ്ദോൻ എന്ന സ്ഥലത്തു വെച്ച് വിധിദിനത്തിനു മുമ്പ് വലിയൊരു യുദ്ധം നടക്കുമെന്ന് ബൈബിളിൽ വെളിപാട് പുസ്തകത്തിൽ സൂചിപ്പിക്കുന്നു(16:16) ഈ അന്തിമ യുദ്ധത്തിന്ന് മെഗ്ഗിദോ എന്ന സ്ഥലത്ത് എല്ലാ രാജ്യങ്ങളേയും ഒരുമിച്ചുകൂട്ടു മെന്നാണ് ബൈബിളിന്റെ പരാമർശം.

6. ഉൽപത്തി പുസ്തകത്തിൽ അബ്രഹാമിനെക്കുറിച്ചു പറയുന്ന ഭാഗം(12:3)

7. ജോസഫ് എം കാൻഫീൽഡ് (Canfield, Joseph M, The Incredible Scofield and His Book)

8. രാഷ്ട്രീയ ജൂതസയണിസത്തിന്റെ പിതാവായി ഗണിക്കപ്പെടുന്ന ആളാണ് തിയോഡോർ ഹെർസൽ. ആസ്ട്രിയൻ പത്രപ്രവർത്തകനായ ഹെർസലാണ് 1597ൽ സ്വിറ്റ്സർലണ്ടിലെ ബാസലിൽ ആദ്യത്തെ ജൂതസയണിസ്റ്റ് കോൺഗ്രസ്സ് വിളിച്ചുകൂട്ടിയത്. മതേതര ചിന്താഗതി പുലർത്തുന്ന ജൂതനായാണ് അദ്ദേഹം ഗണിക്കപ്പെടുന്നത്.

9. വില്യം ഇ. ബ്ലാക്ക്സ്റ്റൺ(Blackstone, William E, Jesus is comig, Fleming Revel: NewYork 1908) ജെ. വാർണർ അദ്ദേഹത്തെ ഉദ്ധരിക്കുന്നു.

10. ലാഗ്രാൻജ് പ്രഖ്യാപനം. 1974 ജൂലൈ മാസത്തിലെ So-Journers Magazine ൽ നിന്ന്

11. ഇസ്രായേൽ ഷമീർ, ഇസ്രായേലി തൽമൂദ് പണ്ഡിതനും അറിയപ്പെട്ട പത്രപ്രവർത്തകനും സമാധാന പ്രവർത്തകനുമാണ്.

12. ഫ്രാൻസെസ്കോ ഗബ്രിയേലി(Arab Historisans of the Crusade, Rontiedge and Kegan Paul Ltd, 1969)

13. വിൽഫ്രഡ് ഫങ്ക്(World origin and their Romantic stories, Bell Publishing, NewYork 1978)

**(രണ്ട്)**

**കുറേശ്ശെക്കുറേശ്ശെ**

അകം പൊരുളറിഞ്ഞിട്ടില്ലാത്ത കാര്യത്തിൽ താങ്കളെങ്ങനെ ക്ഷമിച്ചിരിക്കും? സൂറത്തുൽ കഹ്ഫ് (18:68).

പ്രധാനമായും മുസ്ലിംകളെയും ഇസ്ലാമിനെയും പറ്റിയുള്ള പാശ്ചാത്യ ധാരണകൾ മൂലം രൂപപ്പെട്ട വിടവിനെപ്പറ്റി ഇതിനകം അൽപമെങ്കിലും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ, ഈ വിടവ് നികത്തുക എത്രമാത്രം പ്രയാസകരമാണ് എന്നതിനെപ്പറ്റിയും നിങ്ങൾക്ക് ചില ആശയങ്ങളൊക്കെയുണ്ടാകും. വിശേഷിച്ചും നിങ്ങൾ പാശ്ചാത്യരാജ്യങ്ങളിലുള്ള ആളാണെങ്കിൽ. തിരിഞ്ഞുനോക്കുമ്പോൾ ആദ്യകാല വർഷങ്ങളെ നിറം പിടിപ്പിച്ച തെറ്റിദ്ധാരണകളിൽ നിന്നും പക്ഷപാതങ്ങളിൽ നിന്നും എന്റെ ജീവിതം തിരിച്ചുപോയ വഴികളെക്കുറിച്ചോർത്ത് ഇപ്പോഴും ഞാൻ അമ്പരക്കാറുണ്ട്. ഈ യാത്ര വേദനയും പരീക്ഷണങ്ങളുമില്ലാത്തതായിരുന്നില്ല. എന്നാൽ തന്നെയും മനസ്സിലാക്കുന്നതിലേക്കുള്ള യാത്രയിലെ ഓരോ ചുവടുവെപ്പിലും ദൈവം എനിക്കു വഴികാണിച്ചു. ദൈവത്തിന് നന്ദി.

വ്യക്തിപരമായ അനുഭവങ്ങളിൽ നിന്ന് എനിക്ക് ഒരു കാര്യം രേഖപ്പെടുത്താനുമുണ്ട്. സംശയവും ഭീതിയും മനസ്സിന്റെ അടിത്തട്ടിൽ ഉറങ്ങിക്കിടക്കും. നീതിക്കു വേണ്ടി ഉഴറിക്കരയുന്ന ആന്തരിക ശബ്ദങ്ങളെപ്പോലും അത് ഒടുവിൽ അതിജയിച്ചേക്കും. 1987ന്റെ തുടക്കത്തിലായിരുന്നു ഞങ്ങളുടെ വിവാഹം. ഏറെ വൈകാതെ ഞാനും ഭർത്താവും വിദേശത്തു പോയി. എന്റെ പിതാവും ഞങ്ങളോടൊപ്പമുണ്ടായിരുന്നു. ടോക്യോവിലും യൂറോപ്പിലും ഞങ്ങളുടെ കൂടെ കഴിഞ്ഞ ശേഷം അദ്ദേഹം ഇംഗ്ലണ്ടി ലേക്ക് പോയി. ഞങ്ങൾ മധ്യപൗരസ്ത്യ ദേശത്തേക്കും. ഈ സമയത്താണ് ഇത്രയും കാലത്തെ ഇസ്‌ലാമിക വിരുദ്ധ പ്രചരണങ്ങൾ എന്നെ എത്രമാത്രം സ്വാധീനിച്ചിട്ടു ണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞത്.

തിരിഞ്ഞുനോക്കുമ്പോൾ ഒരു കാര്യം ഞാൻ മനസ്സിലാക്കിയിരുന്നു–എന്റെ പിതാവും ഇതേ വഴിയിലൂടെത്തന്നെയായിരിക്കാം തീർച്ചയായും സഞ്ചരിച്ചിട്ടുണ്ടാവുക. വിമാന ത്താവളത്തിലെ സുരക്ഷാ ഉദ്യോഗസ്ഥന്മാർ എന്റെ ഭർത്താവിനെ ഇടക്കിടെ തടഞ്ഞു നിർത്തിയിരുന്നു. അപ്പോഴെല്ലാം എന്റെ പിതാവിന്റെ അഭിപ്രായപ്രകടനം–''നിങ്ങ ളൊരു അറബിയെ വിവാഹം കഴിക്കേണ്ടതായിരുന്നു, അല്ലേ'' എന്നായിരുന്നുവല്ലോ. വൈകുന്നേരം ഞങ്ങൾ പരസ്പരം പിരിഞ്ഞു. അപ്പോൾ നിറകണ്ണുകളോടെ അദ്ദേഹം പറഞ്ഞത് ഞാൻ സിറിയയിലേക്കും ലെബനോണിലേക്കും പോകരുതെന്നാണ്. അ ദ്ദേഹം ഇങ്ങനെ പറഞ്ഞു–'അവർ നിന്നെ കൊല്ലും, അതറിയില്ലേ, പേടിക്കേണ്ട ആളു കളാണവർ.'

തീർച്ചയായും അതെന്നെ സ്പർശിച്ചു. അതിന്ന് കാരണവുമുണ്ട്. മുമ്പൊരിക്കലും കണ്ണീരോടെ ഞാൻ എന്റെ പിതാവിനെ കണ്ടിട്ടില്ല. എനിക്ക് ഏറെ പ്രിയപ്പെട്ട ആളായി രുന്നു അദ്ദേഹം. ഏതായാലും രണ്ടു ദിവസം കഴിഞ്ഞ് ഞങ്ങൾ ഡന്മാർക്കിലേക്കു തിരിച്ചു. സായാഹ്നത്തിന് കനം വെച്ചുതുടങ്ങിയപ്പോഴാണ് ഡമസ്കസിലെത്തിയത്. പിതാവിന്റെ വാക്കുകൾ എന്റെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു. ഞാൻ അവിടെ കണ്ട കാഴ്ച എന്നിൽ നടുക്കമുളവാക്കി. ഒരുപാടു പട്ടാളക്കാർ, സൈനിക ഭരണകൂട ത്തിന്റെ ആയുധങ്ങൾ, ഈ ആളുകളെക്കുറിച്ചും നാടിനെക്കുറിച്ചുമുള്ള എന്റെ കാഴ് ചപ്പാടുകൾ മാറുമെന്നും അവരെ വിട്ടുപോവുമ്പോൾ കരയേണ്ടിവരുമെന്നും, അപ്പോ ഴുണ്ടോ ഞാനറിയുന്നു!

ഭർത്താവ് എന്നെ ഒരു ഹോട്ടലിലാക്കി പുറത്തേക്കു പോയി. ചില യാത്രാ ഏർപ്പാടു കൾ ചെയ്യാൻ വേണ്ടി പാസ്പോർട്ടുകളുമായി പോയതായിരുന്നു അദ്ദേഹം. തിരിച്ചു വരാൻ ആവശ്യത്തിലേറെ സമയമെടുത്തു. അദ്ദേഹം സുരക്ഷിതനാണോ എന്ന് ഞാൻ പോയി നോക്കേണ്ടതുണ്ട് എന്ന് എനിക്ക് അപ്പോൾ തോന്നി. ഒരുപക്ഷേ, ഈ

ഭീകരന്മാർ അദ്ദേഹത്തെ തട്ടിക്കൊണ്ടുപോയിട്ടുണ്ടെങ്കിലോ! അതോർത്തപ്പോൾ എനിക്ക് ബേജാറായി. എനിക്ക് മുറിയുടെ പൂട്ടു തുറക്കാൻ കഴിഞ്ഞില്ല. അയ്യോ! ഞാനൊരു തടവുകാരിയായിത്തീർന്നുവല്ലോ! എന്റെ പിതാവ് പറഞ്ഞത് എത്ര ശരി!

ഒരു നോവൽ ഇങ്ങനെയൊരു ഖണ്ഡികയിൽ ആരംഭിച്ചാൽ അത് തികച്ചും കൃത്യമായേനേ. പക്ഷേ, നേരു പറയണമല്ലോ, ഒന്നും സംഭവിച്ചില്ല. വാതിലിന്റെ കൊളുത്തിന് എനിക്ക് പരിചിതമല്ലാത്ത ഏതോ സൂത്രമുണ്ടായിരുന്നു. ഭർത്താവ് തിരിച്ചെത്തിയപ്പോൾ അതിന്ന് ഒരു കുഴപ്പവുമില്ല. ഏതായാലും ഈ സമയത്തിന്നിടക്ക് ഞാൻ ശരിക്കും പേടിച്ചു. വാതിലിന്നെതിരിൽ ഒരു കസേരയിട്ട് ഭർത്താവ് അവിടെയിരിക്കണമെന്ന് ഞാൻ വാശിപിടിച്ചു; മൂപ്പർക്കാകട്ടെ അതൊരു തമാശയും.

**********

ഇക്കാലത്ത് വല്ലാത്തൊരു തരം പേടി എന്റെ ഉള്ളിലുള്ളതായി എനിക്കു തോന്നി. ചെറുപ്പത്തിലേ എന്നിൽ വളർന്നുവന്ന പേടിയാണത്. ഞങ്ങൾ 'സിനിമ കാണാൻ പോയിക്കൊണ്ടിരുന്ന' കുട്ടിക്കാലത്താണ് അതിന്റെ തുടക്കം. പതിനൊന്നാം വയസ്സുവരെയായിരുന്നു ഈ പോക്ക്.

അമേരിക്കൻ സിനിമാ വ്യവസായത്തിന്റെ വഴിയേ നീങ്ങുന്ന ഏത് രാജ്യത്തുമെന്നപോലെ ആസ്ട്രേലിയയിലും സിനിമയുടെ ഇന്ദ്രജാലം ആളുകളെ രസിപ്പിക്കാൻ വേണ്ടി മാത്രമല്ല ഉപയോഗിക്കുന്നത്. എന്തുകിട്ടിയാലും മോന്തുന്ന ഉൾക്കരുത്തില്ലാത്ത കമ്പക്കാരെ പഠിപ്പിക്കാൻ കൂടിയാണ്. വർഷങ്ങളായി ചലച്ചിത്രങ്ങളിലൂടെ അമേരിക്കയുടെയും കൂട്ടാളികളുടെയും യുദ്ധസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനുപയോഗിച്ചു പോന്ന പ്രചരണങ്ങൾ ഇന്നൊരു രഹസ്യമല്ല. ഈ രംഗത്ത് നിശ്ശബ്ദ സിനിമ തൊട്ട് 1920 കളുടെ അവസാനത്തിൽ നിലവിൽ വന്ന സംസാരിക്കുന്ന സിനിമ വരെ ഉരുത്തിരിഞ്ഞു വന്ന സംഗതികൾ വളരെ ഫലപ്രദമായിരുന്നു. യുദ്ധ സംരംഭങ്ങളിൽ മാത്രം ഇത് ഒതുങ്ങിനിൽക്കുന്നില്ല. ശബ്ദത്തിന്റെ സാധ്യതകൾ ഉപയോഗിക്കുന്നതിലുണ്ടായ മുന്നേറ്റത്തോടെ, ഈ മാധ്യമം മനഃശ്ശാസ്ത്രപരമായി വളരെയധികം ശക്തമായ ഒരായുധമായിത്തീർന്നു. അക്കാലത്ത് ഒരു നിശ്ചിത സമയത്ത് നിശ്ചിത എണ്ണം ആളുകളെ മാത്രം ആക്രമിച്ചു തകർക്കുന്ന ആയുധങ്ങൾ മാത്രമേ കണ്ടുപിടിക്കപ്പെട്ടിരുന്നുള്ളൂ. അത്തരം ആയുധങ്ങളേക്കാളെല്ലാം ഫലപ്രദമായിരുന്നു സിനിമ. ഇന്നും പാശ്ചാത്യലോകത്ത് ക്രിസ്തീയ സദാചാരത്തിനും കുടുംബമൂല്യങ്ങൾക്കും സ്ഥാനമുള്ള ഒരു യാഥാസ്ഥിതിക യുഗം നിലനിൽക്കുന്നുണ്ട്. ഈ ലോകത്തിന്റെ എല്ലാ മാന്യതയുടെയും സദാചാരത്തിന്റെയും ഘടനയെത്തന്നെ മാറ്റുകയും

നശിപ്പിക്കുകയും ചെയ്തുകൊണ്ടാണ് ഹോളിവുഡ്ഡിന്റെ ആയുധബലം കുടുംബങ്ങളും രാജ്യങ്ങളും സൃഷ്ടിച്ച ലക്ഷക്കണക്കിന് വ്യക്തികളുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങിയത്.

ഏതായാലും പണ്ടുമുതൽക്കു തന്നെ അറബ്‌വിരുദ്ധ/മുസ്‌ലിം വിരുദ്ധ പ്രചരണങ്ങൾ സൂത്രത്തിൽ നടത്തിപ്പോന്നു. മനഃശ്ശാസ്ത്രപരമായ ചില സമീപനങ്ങളിലൂടെ പലതും ഉള്ളിലൊതുക്കിവെച്ചുകൊണ്ടുള്ള തന്ത്രങ്ങളിലൂടെയാണിത് സാധിച്ചത്. അറബികളെ വൃത്തികെട്ടവരും വിഡ്ഢികളുമായ കോമാളിവേഷങ്ങളായാണ് അവതരിപ്പിച്ചത്. സാധാരണയായി കോമഡികളാലാണ് ഇവർ പ്രത്യക്ഷപ്പെടുക. ഇത്തരം ചിത്രങ്ങൾ കാണാൻ കുട്ടികൾക്ക് അനുവാദമുണ്ട്. കോമഡികളിൽ പോലും 'വിഡ്ഢ്യാൻമാരായ' ഈ മനുഷ്യർ പൊടുന്നനെ തിന്മയുടെ മൂർത്തീകരണങ്ങളായി മാറുന്നത് ഞങ്ങളറിഞ്ഞു. എന്റെ പ്രായത്തിലുള്ള എല്ലാ കുട്ടികളുടെയും മനസ്സിൽ അബ്ദുല്ല എന്ന് പേര് ഭീതി വിതച്ചത് എനിക്ക് നല്ല പോലെ ഓർമയുണ്ട്. ഏറ്റവും മോശമായ ഉള്ളിലിരിപ്പുകളും ഭാവഹാവാദികളുമുള്ള അറബിക്ക് അതിമനോഹരമായ ഇസ്‌ലാമിക നാമമാണുള്ളത്[1] എന്നത് ഒരു സാധാരണ സംഭവമായിരുന്നു. ആ പേര് കേൾക്കുമ്പോൾ തന്നെ ഞങ്ങൾ ശ്വാസമടക്കിപ്പിടിക്കും. ഹൃദയമിടിപ്പോടെ ഈ ഭീകരനായ വില്ലന്റെ പിടിയിൽ നിന്ന് 'നായകൻ' രക്ഷപ്പെടുന്നത് കാണാനായിരിക്കും ഞങ്ങളുടെ കാത്തിരിപ്പ്. ഇന്നത്തെ 'ഭീകരവാദി'യുടെ മുൻഗാമിയാണ് ഈ അബ്ദുല്ല. അബ്ദുല്ല സദാ തകർക്കപ്പെടേണ്ടിയിരുന്നു എന്ന സംഗതി ഞാനിപ്പോൾ ഉൾക്കിടിലത്തോടെ ഓർക്കുന്നു.

വർഷങ്ങൾ കൊണ്ട്, പാശ്ചാത്യരായ ഒട്ടേറെ ആളുകളുടെ മനസ്സ് കീഴടക്കിയ ഈ പ്രചരണങ്ങൾ ഇപ്പോൾ കൂടുതൽ തീവ്രമായിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ടെലിവിഷൻ വ്യവസായമാകട്ടെ, ആളുകളിലേക്കെത്തിച്ചേരുന്ന കാര്യത്തിൽ ഒരു പക്ഷേ, കൂടുതൽ ശക്തവുമാണ്. ടെലിവിഷനും കുറേക്കൂടി പ്രത്യക്ഷമായി മുസ്‌ലിം വിരുദ്ധ സ്വഭാവം പുലർത്തുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

*******

ഞങ്ങൾ സിറയയും ലബനോണും സന്ദർശിച്ച കാലത്താണ് എന്റെ പല മിഥ്യാ ധാരണകളും തകർന്നുപോയത്. അത് അനിവാര്യവുമായിരുന്നു. ഞാൻ കണ്ട മുസ്‌ലിംകളുടെ മതവിശ്വാസത്തേക്കാൾ കുറവാണ് ക്രിസ്ത്യാനിയായ എനിക്കുള്ളതെന്ന് ഞാൻ മനസ്സിലാക്കി. മരണമോ പരിക്കോ സംഭവിക്കുന്നതിനുള്ള സാധ്യതകളെ ഞാൻ ഭയപ്പെട്ടിരുന്നില്ലെന്ന് പറയാനാവുകയില്ല. എന്റെ ജീവിതം ദൈവേഛയോടുള്ള വിധേ

യത്വം പ്രതിഫലിപ്പിച്ചിരുന്നുവെന്നും പറയാനാവുകയില്ല. വിശ്വാസത്തിൽ അപൂർണത യുള്ള ഒരേയൊരു ക്രിസ്ത്യാനിയല്ലായിരുന്നു താനും ഞാൻ. മറുവശത്ത് ഞാൻ ബന്ധപ്പെടാനിടയായ എല്ലാ മുസ്‌ലിംകളും അവരുടെ വിധി അതേപടി സ്വീകരിക്കുന്ന വരായിരുന്നു. അതാകട്ടെ തങ്ങൾക്കൊപ്പം കഴിഞ്ഞുകൂടുന്ന ക്രിസ്ത്യാനികളുടെ വിനയേക്കാൾ മെച്ചപ്പെട്ടതായിരുന്നില്ല എന്നും പറയണമല്ലോ. ജനനമരണങ്ങൾ ദൈ വേച്ഛയുടെ അതിർത്തികൾക്കുള്ളിലുള്ള കാര്യങ്ങളാണെന്ന് തിരിച്ചറിയുന്ന അവരുടെ വിശ്വാസത്തിന്റെ കർമാവിഷ്കാരങ്ങൾ എന്നെ അതിശയിപ്പിച്ചു.

വേണമെങ്കിൽ ആർക്കും ഒഴിവുകഴിവുകൾ പറയാം. ലബനോണിൽ മോശം കാലമാ യിരുന്നു അന്ന്. ഇസ്രായേലി ജെറ്റ് വിമാനങ്ങൾ തലക്കു മുകളിൽ മൂളിപ്പറക്കുന്നു. ട്രിപ്പോളിക്കു ചുറ്റുമുള്ള കുന്നുകളിൽ, ഈ വിമാനങ്ങൾക്ക് മറുപടിയായി വെടിമുഴ ക്കങ്ങൾ കേൾക്കാം. അവിടുത്തെ കാഴ്ചകളൊന്നും നല്ലതായിരുന്നില്ല. തകർന്ന കെട്ടി ടങ്ങളുടെ അസ്ഥികൂടങ്ങൾ ആകാശത്തേക്ക് കൈനീട്ടിനിൽക്കുന്നു. ബോംബുപെട്ടി കൾ നിരത്തിൽ നിറയെയുണ്ട്. എല്ലാം പകൽ വെളിച്ചത്തിൽ നമുക്ക് കാണാം. രാത്രി യിൽ വെടിയുണ്ടകളേറ്റ് തുള വീണ വാതിലുകളിലൂടെ നോക്കിയ വെളിച്ചത്തിന്റെ ഭ്രാന്തരൂപങ്ങൾ മാത്രം.

അടിസ്ഥാന സൗകര്യങ്ങളെല്ലാം നശിച്ചുപോവുകയും കറൻസിയുടെ വില യു.എസ് ഡോളറുമായി താരതമ്യപ്പെടുത്തുമ്പോൾ കുത്തനെ ഇടിയുകയും ചെയ്തിരിക്കുന്നു. അതിന്നനുയോജ്യമായി വേതനം ഉയർന്നില്ല. കഷ്ടപ്പാടുകളായിരുന്നു എവിടെയും. ഈ അസ്ഥിരത മറ്റുള്ളവർക്കെതിരെ കുറ്റകൃത്യങ്ങളിലേർപ്പെടാൻ പറ്റിയ സമയമാ ണെന്ന് കരുതിയ ചിലരിൽ നിന്നുണ്ടാകുന്ന ആപത്തുകൾ അതിന്നു പുറമെ. ഈ അവസ്ഥയോടുള്ള പ്രതികരണമെന്ന നിലയിൽ പട്ടാളക്കാർ നിരത്തുകളുടെ ഓരോമു ക്കിലും മൂലയിലും തടസ്സങ്ങൾ സൃഷ്ടിച്ചു. പലപ്പോഴും പരിശോധനകളിൽ സ്ഫോട കവസ്തുക്കളും ആയുധങ്ങളും കണ്ടുകിട്ടി. കഷ്ടിച്ച് രക്ഷപ്പെട്ട അനുഭവങ്ങളുടെ കിടിലം കൊള്ളിക്കുന്ന കഥകൾ ധാരാളം.

സിറിയയിലേക്കും ലബനോണിലേക്കും വിസ ആവശ്യമില്ലെന്ന് പാസ്പോർട്ട് വകു പ്പിൽ നിന്ന് വിവരം കിട്ടിയ കാലത്താണ് ഞങ്ങൾ ആസ്ട്രേലിയ വിട്ടത്. എന്നാൽ ഞങ്ങൾ സിറിയൻ–ലബനീസ് അതിർത്തിയെത്തിയപ്പോഴേക്കും സ്ഥിതിഗതികൾ മാറി. ടെറിവെയ്റ്റിനെ ബന്ദിയാക്കിയതിനെത്തുടർന്നായിരുന്നു ഇത്. ലെബനോണിൽ പ്രവേ ശിക്കാമെന്ന യാതൊരു പ്രതീക്ഷയുമില്ലാതെ ആരുടേതുമല്ലാത്ത ഒരിടത്ത് ഞങ്ങൾ കുടുങ്ങിപ്പോയി. ആസ്ട്രേലിയൻ ഗവണ്മെന്റിന്റെ ആവശ്യങ്ങൾ പിൻവലിക്കാതെ അതു സാധ്യവുമായിരുന്നില്ല. ഇനിയും കൂടുതൽ ആളുകളെ ബന്ദികളാക്കിയേ

ക്കുമോ എന്നായിരുന്നു അതിർത്തി കാവൽക്കാരുടെ പേടി. പ്രത്യേകമായ അനുമതിയില്ലാതെ ഏതെങ്കിലും ആസ്ട്രേലിയക്കാരനെ ലെബനോണിൽ കടക്കാനനുവദിച്ചാൽ പ്രതികാര നടപടികളുണ്ടാകും എന്നതായിരുന്നു അതിന്ന് കാരണം. അങ്ങനെ ഞങ്ങൾ ദീർഘകാലം കാത്തിരിക്കേണ്ടിവന്നു. ആവശ്യമായ അനുമതി ലഭിക്കാൻ ഒരു ദൂതനെ അയക്കുകയാണ് പിന്നീട് ചെയ്തത്.

ഈ സമയത്തും അതിർത്തിയിൽ ക്രിസ്ത്യാനികളും മുസ്ലിംകളും തമ്മിൽ ഊഷ്മളമായ ബന്ധം നിലനിൽക്കുന്നതായി ഞാൻ തിരിച്ചറിഞ്ഞു. ഔദ്യോഗികമായ സമ്മതമില്ലാതെ ഞങ്ങളെ ലബനോണിൽ കടക്കുന്ന കാര്യത്തിൽ വിട്ടുവീഴ്ചയില്ലെന്നതൊഴിച്ചാൽ എല്ലാ ലബനീസ് കാവൽക്കാരും പ്രത്യേകിച്ചും സഹായമനസ്ഥിതിക്കാരായിരുന്നു. 'നമ്മൾ ഇത്രയൊക്കെ പറഞ്ഞു കേൾക്കുന്ന ക്രിസ്ത്യൻ–മുസ്ലിം സ്പർദ്ധ എവിടെ?' എന്നാണ് ഞാൻ അപ്പോൾ ആലോചിച്ചത്. ലബനോണിലെ ആളുകൾക്ക് എത്രത്തോളം കഷ്ടപ്പാടുണ്ട്, അല്ലെങ്കിൽ അവർക്ക് ഭക്ഷ്യവസ്തുക്കളും മറ്റു നിത്യോപയോഗങ്ങളും എത്രകണ്ട് കുറവാണ് എന്നതിനെപ്പറ്റി ഞങ്ങൾക്ക് യാതൊരൂഹവുമുണ്ടായിരുന്നില്ല. ഞങ്ങൾ കണ്ടുമുട്ടിയ ആളുകൾ, എന്റെ ഭർത്താവിന്റെ കുടുംബാംഗങ്ങളും സുഹൃത്തുക്കളുമൊന്നും തന്നെ അത് വ്യക്തമാക്കിയതുമില്ല. ജീവിതത്തിലൊരിക്കലും ഞാൻ കണ്ടിട്ടില്ലാത്ത സന്മനസ്സും ആതിഥ്യമര്യാദയും താൽപര്യവും ദയയുമാണ് അവർ ഞങ്ങളോട് കാണിച്ചത്. സ്വന്തം അനുഭവങ്ങളിൽ നിന്നെടുത്ത് അവർ സമ്മാനിച്ച സ്നേഹത്താൽ എന്റെ മനസ്സ് ഊഷ്മളമാവുകയും അവരുടെ ചിരി എന്നിൽ പ്രകാശം പരത്തുകയും ചെയ്തു. ആപത്ത് അവസാനിച്ചിരുന്നില്ലെന്ന് അവർ ഞങ്ങളുടെ കാര്യത്തിൽ കാണിച്ച ജാഗ്രത കണ്ടാലറിയാം. ട്രിപ്പോളിയിലെ തെരുവുകളിലൂടെ വെയിലേറ്റ് നടക്കാനിറങ്ങിയപ്പോൾ പോലും ഞങ്ങളുടെ സുരക്ഷിതത്വമോർത്ത് ഒട്ടേറെപ്പേർ ചുറ്റുമുണ്ടായിരുന്നു. അവർക്ക് അപകടങ്ങളുണ്ടായിക്കൊള്ളട്ടെ, അവർക്ക് കഷ്ടപ്പാടുകൾ ഇനിയുമുണ്ടായിക്കൊള്ളട്ടെ അതൊന്നും അവരുടെ പെരുമാറ്റത്തിൽ നിന്ന് അറിയുമായിരുന്നില്ല.

ഇവരാണ് മുസ്ലിംകൾ– അവരോട് എത്ര വലിയ തെറ്റാണ് ചെയ്തത്. എനിക്കും ആ വിശ്വാസവും സ്നേഹവായ്പാർന്ന കാരുണ്യവുമുണ്ടായിരുന്നെങ്കിൽ. യേശു ഇപ്രകാരം പറഞ്ഞിട്ടുണ്ട്.–''ആകയാൽ അരുടെ ഫലത്താൽ നിങ്ങൾ അവരെ തിരിച്ചറിയും.'' ഞാൻ ഇവിടെ എഴുതുന്നത് പൈശാചിക രൂപത്തിൽ ചിത്രീകരിക്കപ്പെടുന്ന മുസ്ലിംകളെപ്പറ്റിയാണ്. അവർ ഉൽപാദിപ്പിക്കുന്ന ഫലങ്ങളോളം പവിത്രവും മനോഹരവുമായ ഫലങ്ങൾ, നിർഭാഗ്യവശാൽ യേശുവിന്റെ നാമം ഉൾക്കൊള്ളുകയും

അദ്ദേഹത്തിന്റെ ജീവിത മാനദണ്ഡങ്ങൾ ഉയർത്തിപ്പിടിക്കുന്നവരെന്ന് കരുതപ്പെടുകയും ചെയ്യുന്ന നമ്മളിൽ ചിലർ ഉൽപാദിപ്പിക്കുന്നില്ല.

മുസ്‌ലിംകളും ക്രിസ്ത്യാനികളും പരസ്പരം പരിരക്ഷിക്കുന്ന മറ്റു സന്ദർഭങ്ങളും ഞാൻ കണ്ടു. നിത്യമായ പരലോകത്തിൽ വിശ്വസിക്കുന്നവർക്കു മാത്രം പുലർത്താൻ കഴിയുന്ന സ്വാർഥ രഹിതമായ സൗഹൃദമാണത്. എന്നെ സംബന്ധിച്ചെടത്തോളം അതൊരു മഹത്തായ അനുഭവപാഠമാണ്. നമ്മൾ രണ്ടു പേർക്കും എത്രമാത്രം തെറ്റിപ്പോയി എന്ന് പിതാവിനെ അറിയിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചു. എന്നാൽ ലബനോണിന്ന് പുറത്തേക്ക് സന്ദേശങ്ങളയക്കുവാൻ വഴിയൊന്നുമില്ലായിരുന്നു. എല്ലാ ലൈനുകളും പ്രവർത്തന രഹിതമാണ്. ഞാൻ പരിചയപ്പെട്ട മുസ്‌ലിംകളെ മാനുഷികമായ കാഴ്ചപ്പാടോടെ നോക്കുക മാത്രമല്ല ഞാൻ ചെയ്തത്. മറിച്ച്, ആദരവോടെയും ആരാധനയോടെയും സമീപിക്കുകയാണ്. ഏറ്റവും കടുത്ത വിഷമസന്ധികളിൽ പോലും നുരഞ്ഞുയരുന്ന അവരുടെ അജയ്യമായ നർമ്മബോധം ഞാൻ ഇഷ്ടപ്പെട്ടു. ഒരു പക്ഷേ, ക്രിസ്ത്യാനികളല്ലാത്ത ആളുകൾക്ക് ദൈവം അവരുടെ നന്മയുടെ പേരിൽ മാത്രം പ്രതിഫലം നൽകിയേക്കാം.

********

ഞാൻ പഠിച്ച രണ്ടാമത്തെ പാഠം, അല്ലാഹു ഒരു പ്രാകൃതദൈവമല്ല എന്നുള്ളതാണ്. അബോധപൂർവം ഞാൻ അതേവരെ മനസ്സിലാക്കിപ്പോന്നതിന്ന് വിരുദ്ധമായിരുന്നു ഈ പാഠം. അല്ലാഹു സ്രഷ്ടാവായ ഒരേയൊരു ദൈവമാണ്! പിന്നീട് രണ്ടു കൊല്ലത്തിലേറെ കഴിഞ്ഞാണ് എനിക്ക് ഇത് പൂർണമായും സ്പഷ്ടമായത്. ഞങ്ങളുടെ രണ്ടു മരുമക്കൾ ആസ്ട്രേലിയയിൽ വരികയും ഞങ്ങളെ കാണാനെത്തുകയും ചെയ്തപ്പോൾ. ഈ ചെറുപ്പക്കാർ മുസ്‌ലിംകളായിരുന്നു. ഇസ്‌ലാമികാനുഷ്ഠാനങ്ങൾ ശ്രദ്ധാപൂർവം കൊണ്ടുനടക്കുന്നവർ. ഞങ്ങൾ രണ്ടു കൂട്ടരുടെയും വീക്ഷണങ്ങൾ തമ്മിൽ വ്യത്യാസമുണ്ടായിരുന്നതിനാൽ എന്റെ ഭർത്താവ് ഇങ്ങനെ പറഞ്ഞു.-''രണ്ടു വിഷയങ്ങളെക്കുറിച്ച് നിങ്ങൾ സംസാരിക്കേണ്ട. ഒന്ന് മതം, മറ്റത് രാഷ്ട്രീയം'' മൂപ്പരുടെ നിയമങ്ങൾ അനുസരിച്ചുകൊള്ളാമെന്ന് ഞങ്ങളെല്ലാവരും കർത്തവ്യബോധത്തോടെ സമ്മതിക്കുകയും ചെയ്തു.

ഏതാനും മിനിറ്റുകൾക്കുള്ളിൽ മരുമക്കളിലൊരാൾ ബൈബിളിനെപ്പറ്റി പറയാൻ തുടങ്ങി. ബൈബിളിൽ പലതും കൂട്ടിച്ചേർത്തിട്ടുണ്ടെന്നും പലതും മാറ്റിമറിച്ചിട്ടുണ്ടെന്നുമാണവൻ പറഞ്ഞത്. അതിനാൽ ബൈബിളിലുള്ള കാര്യങ്ങൾ പൂർണമായ സത്യങ്ങളല്ലെന്ന്. എനിക്ക് അസാധാരണമായ അസ്വാസ്ഥ്യം തോന്നി. ഒരു പക്ഷേ, അതിന്നു

കാരണം ഉള്ളിന്റെ ഉള്ളിൽ ബൈബിളിലെ ചില ഭാഗങ്ങളോട് ഞാനും സസന്തോഷം യോജിക്കുന്നില്ല എന്നതാവാം. ഏതായാലും അവന്റെ പക്കലുള്ളതും സത്യമല്ലെന്നും ആ നിലക്ക് എന്റെ വേദഗ്രന്ഥത്തെ വിമർശിക്കാൻ അയാൾക്ക് എന്ത് യോഗ്യതയാണുള്ളതെന്നും ഞാൻ മറുപടി പറഞ്ഞു. ''ആട്ടെ, നീ നിന്റെ ഖുർആനുമായി വാ, ഞാൻ ബൈബിൾ കൊണ്ടുവരാം.''– ഞാൻ പറഞ്ഞു.

''ആദ്യം നമുക്ക് അംഗശുദ്ധി വരുത്തണം.'' സമീർ പറഞ്ഞു.

''ആയ്ക്കോട്ടെ, പ്രശ്നമല്ല.'' ഞാനും പറഞ്ഞു.

അങ്ങനെ അതു തുടങ്ങി. ആർക്കും ആരെയും പറഞ്ഞു ബോധ്യപ്പെടുത്താനായില്ല. ആ വാദപ്രതിവാദം അവസാനിച്ചത് എന്റെ ഈ വാക്കുകളോടെയാണ്. ''ഒരിക്കലും ഞാനൊരു മുസ്ലിം ആവുകയില്ല.'' അതിന്ന് സമീർ പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു. –''ഹറാം, ഹറാം, ഞാൻ ദുഃഖിക്കുകയാണമ്മായീ.'' അപ്പോൾ എന്റെ ഭർത്താവ് ക്ഷുഭിതനായി. ''രാഷ്ട്രീയവും മതവും ചർച്ച ചെയ്യരുതെന്ന് ഞാൻ നിങ്ങളോട് രണ്ടു പേരോടും താണുകേണു പറഞ്ഞിരുന്നില്ലേ'' അദ്ദേഹം പിറുപിറുത്തു. പാവം സമീർ! കരുണാമയനായ അല്ലാഹു അവന്റെ വാക്കുകളെ എന്റെ ഹൃദയത്തിന്റെ നേരെ തിരിച്ചുവിട്ടിട്ടുണ്ടെന്ന് അവൻ എങ്ങനെ അറിയാനാണ്?

അന്നേ ദിവസം എനിക്ക് ഖുർആനെപ്പറ്റിയോ ഇസ്ലാമിനെപ്പറ്റിയോ ബോധ്യം വന്നിട്ടുണ്ടായിരുന്നില്ല. എന്നാൽ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഞാൻ മനസ്സിലാക്കി. ബൈബിളിലെ പ്രവാചകരുടെ പേരുകൾ ഖുർആനിലുണ്ട്. യേശുവിനെപ്പറ്റിയും യേശുവിന്റെ മാതാവിനെപ്പറ്റിയും ഖുർആനിൽ പരാമർശിച്ചിട്ടുണ്ട്. ''ഇത് അസാധാരണം തന്നെ.'' ഞാൻ വിചാരിച്ചു. ''പ്രാകൃതമായ ഈ പുസ്തകത്തിലെങ്ങനെയാണ് ഇതുണ്ടാവുക? ഒരുപക്ഷേ, ക്രിസ്തുമതത്തിൽ നിന്ന് പൊട്ടിമുളച്ചതും ദൈവത്തെ നിന്ദിക്കുന്നതുമായ മതമായിരിക്കും ഇത്.'' അതിന്റെയെല്ലാം പിന്നിൽ ചില അർഥങ്ങളുണ്ടായിരിക്കാം എന്ന് ഞാൻ കരുതി. ബൈബിൾ വച്ച് ഞാൻ ഖുർആൻ പഠിക്കാൻ തുടങ്ങി. അല്ലാഹുവിലോ ഖുർആനിലോ ഇസ്ലാമിലോ വിശ്വസിക്കുക എന്ന ഉദ്ദേശ്യം അപ്പോൾ എനിക്ക് ഉണ്ടായിരുന്നില്ല. എന്റെ ഉദ്ദേശ്യം സമീറിന് തെറ്റിപ്പോയിരിക്കുന്നു എന്ന് അവനെ ബോധ്യപ്പെടുത്തുക മാത്രമായിരുന്നു.

***********

ബ്രിസ് ബെയിനിലെ ലുട്വിച്ചിലേക്ക് ഞങ്ങൾ താമസം മാറ്റി. ഏതാനും തെരുവുകൾക്കപ്പുറത്ത് ഒരു ചർച്ച് മുസ്ലിം പള്ളിയാക്കി മാറ്റി പുനർനിർമിച്ചിരുന്നു. അവിടുത്തെ ശൈഖിനെ ആർക്കും ചെന്നു കാണാം. അദ്ദേഹം എന്റെ ഭർത്താവിന്ന്

അബ്ദുല്ലാ യൂസുഫലിയുടെ ഖുർആൻ പരിഭാഷയുടെ ഒരു തർജമ കൊടുത്തിരുന്നു. ബൈബിളിൽ നിന്ന് ഉണ്ടാക്കിയതാണ് ഖുർആൻ എന്ന എന്റെ വാദം തെളിയിക്കാൻ പറ്റിയ കണ്ണി തീർച്ചയായും കണ്ടെത്തുവാൻ സാധിക്കുമെന്ന പ്രതീക്ഷയോടെ ഒരു പാട് മണിക്കൂറുകൾ ഞാൻ അതു വായിക്കാൻ വേണ്ടി വിനിയോഗിച്ചു. സംഗതി അങ്ങനെ അല്ലായിരുന്നു. പിന്നീട് ഞാൻ ആ കൃതി വായിച്ച് കുറിപ്പുകൾ തയ്യാറാക്കാൻ തുടങ്ങി. എന്റെ ഭർത്താവിന്ന് വേണ്ടിയായിരുന്നു ഈ കുറിപ്പുകൾ. അവയുടെ അടിസ്ഥാനത്തിൽ ക്ഷമാശീലനായ ഈ മതപണ്ഢിതനിൽ നിന്ന് സംശയനവൃത്തി വരുത്താൻ വേണ്ടിയായിരുന്നു ഇത്.

ഖുർആൻ രചിക്കപ്പെട്ടത് പുതിയനിയമത്തിന്റെയോ പഴയനിയമത്തിന്റെയോ അതേ രചനാശൈലിയിലല്ല. എങ്കിലും ഒരളവോളം പഴയ നിയമത്തിലെ രചനകളോട് ഏതൊക്കെയോ ചില അടുപ്പം അതിനുണ്ട്. ഞാൻ വായിച്ചിരുന്നത് മനോഹരമായ ഭാഷയിൽ ഖുർആന്റെ അർഥം പ്രതിപാദിക്കുന്ന ഇംഗ്ലീഷ് വിവർത്തനമാണെങ്കിലും അറബി ഭാഷയിലുള്ള അർഥത്തിന്റെ സമ്പൂർണമായ ആഴത്തോടും മൗലികമായ ഭാഷാഭംഗിയോടും അതിനെ ഒരുനിലക്കും താരതമ്യപ്പെടുത്താനാവില്ലെന്നും പിൽക്കാലത്ത് ഞാൻ മനസ്സിലാക്കി. ഈ സംഗതി നാം മനസ്സിലാക്കേണ്ടതുണ്ട്. അങ്ങനെയാണെങ്കിലും ഖുർആന്റെ ശൈലിവിശേഷങ്ങളെ സംബന്ധിച്ചെടത്തോളം പറയുകയാണെങ്കിൽ, അതുൾക്കൊള്ളാനും ആസ്വദിക്കാനും എനിക്ക് അല്പസമയം വേണ്ടിവന്നു. ബൈബിളിൽ ഒരു അദ്ധ്യായത്തിൽ തന്നെ ഒരു കഥ പൂർണമായും പറയുന്നത് കാണാം. എന്നാൽ ഖുർആനിൽ പല സ്ഥലങ്ങളിലായി പല ഘട്ടങ്ങളിലൂടെയാണ് ഈ കഥ പുരോഗമിക്കുക. അതുവഴി ആഴത്തിലുള്ള ചില ഉൾക്കാഴ്ചകൾ ഖുർആൻ കഥ നൽകുന്നു. ഖുർആനിലെ ഒരു ആയത്ത് തന്നെയും ആഴത്തിലുള്ള പഠനത്തിന് അർഹമാണ്. അതിനാൽ ഒറ്റ വായനയിൽ തന്നെ ഈ ആയത്ത് വായിക്കാൻ തുടങ്ങുന്ന ആൾ അതിന്റെ ഭാഷയിലും അർഥത്തിലും വ്യാമുഗ്ധനായിപ്പോകും.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, എന്റെ ഖുർആൻ വിജ്ഞാനം വർധിച്ചു. ഇംഗ്ലീഷ് ഭാഷയിലും അതിന്റെ ക്ലാസിക്കൽ പ്രയോഗങ്ങളിലുമുള്ള തന്റെ കാഴ്ചപ്പാടുകളും ബൈബിൾ ജ്ഞാനവും പാണ്ഢിത്യവുമെല്ലാം അബ്ദുല്ല യൂസുഫലി വിവർത്തനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. അതെനിക്കൊരു വലിയ അനുഗ്രഹമായിത്തീർന്നു. മരിച്ചുപോയ ഈ സഹോദരന്ന് സർവശക്തനായ അല്ലാഹു പ്രതിഫലം നൽകട്ടെ.

കൂടുതൽ പഠിച്ചതോടെ, അല്ലാഹുവിനെപ്പറ്റി പ്രത്യേകം എടുത്തുപറയേണ്ട ചില വസ്തുതകൾ ഞാൻ കണ്ടെത്തി. സ്രഷ്ടാവായ ദൈവവും നീതിമാനും വിശുദ്ധനുമായ ദൈവവുമാണവൻ. സർവശക്തനും കാരുണികനും അനശ്വരനുമാണ്. ആദിയും

അന്തവുമാണ്. എല്ലാമറിയുന്ന മഹാനാണ്. എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നവനാണ്. വഴികാട്ടുന്നവനും സംരക്ഷിക്കുന്നവനുമാണ്. നിരാശ്രയർക്കും തന്നെ വിളിച്ചുകേഴുന്നവർക്കും സഹായം നൽകുന്നവനാണ്. ക്ഷമയുടെയും ആശ്വാസത്തിന്റെയും ഉറവിടമാണ്. അനുഗ്രഹങ്ങളുടെ ദാതാവാണ്. സ്നേഹവായ്പും കാരുണ്യവും കൊണ്ട് ലോകം പരിപാലിക്കുന്നവനാണ്. സ്വർഗഭൂമികളുടെ വിധികർത്താവാണ്. വിധിദിനത്തിൽ കണക്കുകൾ നോക്കി പ്രതിക്രിയ ചെയ്യുന്നവനാണ്. വിജേതാവാണ്. മാറ്റമില്ലാത്ത ഒരേയൊരു ദൈവമാണ്. ഈ ദൈവത്തെയാണ് ചെറുപ്പം മുതൽക്കേ ഞാൻ ആരാധിച്ചത്.

ഒരു ക്രിസ്തീയ മാസികയിൽ കണ്ടതിൽ നിന്ന് വിരുദ്ധമായി 'ചന്ദ്രദൈവ'മല്ല അല്ലാഹു.[3] ഖുർആൻ ഇക്കാര്യം വ്യക്തമാക്കുന്നു. ''രാപ്പകലുകളും സൂര്യചന്ദ്രന്മാരും അവന്റെ അടയാളങ്ങളൽ പെട്ടതാണ്. അതിനാൽ സൂര്യനെയോ ചന്ദ്രനെയോ പ്രണമിക്കരുത്. അവയെ സൃഷ്ടിച്ച അല്ലാഹുവിനെ മാത്രം പ്രണമിക്കുക (സൂറഃ ഫുസ്സിലത് 41:37).

അവന്റെ ഏകതയിലാണ് ഊന്നൽ. വേറെ ദൈവങ്ങളില്ല. അല്ലാഹു എന്ന പേരുള്ള സർവശക്തനായ ദൈവത്തിന് പങ്കാളികളില്ല. അല്ലാഹു എന്ന പേരിന്റെ അറബിയിലുള്ള അർഥം 'ഏകം' എന്നാണ്. അറബി സംസാരിക്കുന്ന മുസ്ലിംകളും ക്രിസ്ത്യാനികളും ജൂതന്മാരുമെല്ലാം ഈ അർഥമാണ് പറയുന്നത്.[4] അത്ഭുതകരമായ അല്ലാഹു എന്ന പേരിന്റെ പൂർണത അതിന്ന് ലിംഗരൂപമോ ബഹുവചനമോ ഇല്ലെ എന്നതിൽ നിന്ന് വ്യക്തമാകും. ഇംഗ്ലീഷിൽ ദൈവം എന്നിതന് God എന്ന പദമാണുപയോഗികകുന്നത്. Goddess(ദേവത) Gods(ദൈവങ്ങൾ) എന്നീ രൂപാന്തരങ്ങൾ ഈ പദത്തിനുണ്ട്.

''അതെ, എനിക്ക് അതുമായി ബന്ധപ്പെടാവുന്നതാണ്.''–അല്ലാഹുവിനെപ്പറ്റിയുള്ള ഖുർആനിക തെളിവുകൾ വായിച്ചപ്പോൾ ഞാൻ കരുതിയത് ഇങ്ങനെയാണ്.

തന്റെ ചെറുപ്പം മുതൽക്കേ ഞാൻ പരിചയപ്പെട്ട പ്രവാചകന്മാർ –നോഹ, അബ്രഹാം, മോശെ, ഇയ്യോസ്, ദാവീദ്, ശലോമോൻ, യോനാ എല്ലാവരും ഖുർആന്റെ താളുകളിലുണ്ട്. ചിലരുടെ ചരിത്രം ഉള്ളടക്കത്തിൽ ഒരേപോലെയാണ്. പക്ഷേ, എല്ലാം അങ്ങനെയല്ല. ചില സന്ദർഭങ്ങളിൽ ഖുർആൻ കൂടുതൽ വിശദാംശങ്ങൾ നൽകുന്നു. അബ്രഹാമിന്റെ കഥ ഉദാഹരണമാണ്. അബ്രഹാമിന്റെയും അദ്ദേഹത്തിന്റെ ഗോത്രത്തിന്റെയും പശ്ചാത്തലത്തിൽ കഥ മുഴുവനും പറയുന്നു. എന്നാൽ ബൈബിളിൽ

അത് പൂർണമല്ല. എല്ലാ ജനവിഭാഗങ്ങൾക്കും സന്ദേശവാഹകന്മാരെ അയച്ചിട്ടുണ്ടെന്ന വസ്തുതക്കും ഖുർആനിൽ പ്രാധാന്യമുണ്ട്.[5]

ഖുർആനിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത പ്രവാചകന്മാർ ബൈബിളിലുണ്ടെന്നത് ശരി തന്നെ. ഈ വസ്തുത ഖുർആൻ ഇപ്രകാരം പരാമർശിക്കുന്നു. ''നിനക്ക് മുമ്പ് നിരവധി ദൂതന്മാരെ നാം നിയോഗിച്ചിട്ടുണ്ട്. അവരിൽ ചിലരുടെ ചരിത്രം നിനക്ക് നാം വിവരിച്ചുതന്നിരിക്കുന്നു. വിവരിച്ചുതരാത്ത ചിലതുമുണ്ട് (ഗാഫിർ 40:78).

ഖുർആനിൽ പല പ്രവാചകരുടെയും കഥകൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവരെല്ലാവരെയും പറ്റി ബൈബിളിൽ പരാമർശമില്ല. ഏതായാലും ഇബ്രാഹീം നബി (അബ്രഹാം)യെയും അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരെയും പറ്റിയുള്ള കഥ എന്നെ സംബന്ധിച്ചെടത്തോളം വളരെ നിർണായകമാണ്. ദൈവം ക്രൂരനോ നീതിരഹിതനോ അല്ലെന്നുള്ള ഉറപ്പ് എനിക്ക് നൽകിയത് ഈ കഥയാണ്. ഇഷ്മയേൽ(ഇസ്മാഈൽ), ഇസഹാക്ക്(ഇസ്ഹാഖ്), എന്നീ രണ്ടു പുത്രന്മാരെ അദ്ദേഹം വളർത്തിയത് ഒരു മഹത്തായ ഉദ്ദേശ്യത്തോടെയാണ്. ഈ ലക്ഷ്യത്തെക്കുറിച്ചുള്ള അറിവിന്ന് വാസ്തവത്തിൽ അനതിവിദൂരമായ ഭാവിയിൽ എന്റെ ജീവിതത്തിലും അഗോളാടിസ്ഥാനത്തിലുള്ള മതരാഷ്ട്രീയ കാലാവസ്ഥകളെക്കുറിച്ചുള്ള തിരിച്ചറിവിലും സുപ്രധാനമായ പങ്കു വഹിക്കാനുണ്ടായിരുന്നു.

ലോക സംഭവങ്ങളെക്കുറിച്ചുള്ള ഖുർആന്റെ ഭാഷ്യങ്ങൾ ഞാൻ വിശ്വസിച്ചു തുടങ്ങുകയായിരുന്നുവല്ലോ. ഈ ഭാഷ്യം ശരിയും ന്യായവും ആദരിക്കപ്പെടേണ്ടതുമാണെങ്കിൽ, ബൈബിൾ അതിന്റെ മുൻഗാമിയാണോ? അതോ സമീർ പറയുന്നതാണോ ശരി? അതിലേറെ ഞാനൊരു കെണിയിലകപ്പെടുകയാണോ?

കുറിപ്പുകൾ

1 അബ്ദുല്ലാഹ് എന്ന അറബി പദത്തിന്റെ അർഥം ദൈവദാസൻ എന്നാണ്.

2. മത്തായി എഴുതിയ സുവിശേഷം 7:20

3. The voice of the martyrs : Servants of the Persecuted church, January 1998, Australia

4. 1995ൽ ബ്രിസ്ബെയിനീലെ സിറ്റി ഹാളിൽ ഒരു സമാധാന സമ്മേളനത്തിൽ മുസ്ലിംകളെ പ്രതിനിധീകരിച്ച് പ്രസംഗിച്ചുകൊണ്ടിരിക്കെ ഞാൻ സൂചിപ്പിച്ച ഒരു പ്രധാന വസ്തുതയാണിത്. പ്രസംഗം കഴിഞ്ഞപ്പോൾ ക്രിസ്ത്യാനിയായ ഒരു ഇന്തോനേഷ്യൻ ചെറുപ്പക്കാരൻ ഇപ്രകാരം പറഞ്ഞു: ''എനിക്ക് ഏറെ സന്തോഷമായി. അല്ലാഹുവെന്നാൽ സ്രഷ്ടാവായ ദൈവമാണെന്ന് എല്ലാവരോടും നിങ്ങൾ പറഞ്ഞുവല്ലോ.

ഞാനും ഇതു തന്നെയാണ് എല്ലാവരോടും പറയുന്നത്. എന്നാൽ ആസ്ത്രേലിയയിൽ ആരും എന്നെ വിശ്വസിക്കുന്നില്ല. അവർ കരുതുന്നത് അല്ലാഹു വ്യാജ ദൈവമാണെന്നാണ്.

5. വിശുദ്ധ ഖുർആൻ 10:47,16:36

അദ്ധ്യായം മൂന്ന്

**ക്രിസ്തുവിനെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?***

*ദൈവം മൂവരിൽ ഒരുവനാണെന്ന് വാദിച്ചവർ തീർച്ചയായും സത്യനിഷേധികൾ തന്നെ. കാരണം ഏകനായ അല്ലാഹു അല്ലാതെ ദൈവമില്ല.* (സൂറഃ അൽമാഇദ 5: 73)

അല്ലാഹുവിനെ സ്രഷ്ടാവായ ദൈവമായി കരുതുന്ന ഖുർആനിക നിലപാട് എനിക്ക് തികച്ചും സ്വീകാര്യമായിരുന്നു. അങ്ങനെ ആയിരിക്കെത്തന്നെ യേശുവിനെപ്പറ്റിയുള്ള ക്രിസ്തീയ പാഠങ്ങൾ(യേശു ദൈവപുത്രനാണെന്നും ദൈവം ത്രിത്വത്തിന്റെ ഒരു ഭാഗമാണെന്നുമുള്ള സിദ്ധാന്തം) ദൈവനിന്ദയാണെന്ന ഖുർആനിക പരാമർശങ്ങൾ ആ ഘട്ടത്തിൽ ഞാൻ വായിച്ചിരുന്നില്ല. ക്രിസ്ത്യാനികളിൽ ഭൂരിപക്ഷം പേരും ഇസ്‌ലാം പ്രാകൃതമതമാണെന്ന് വാദിക്കുന്നു. യേശുവിനെപ്പറ്റിയുള്ള ക്രിസ്തീയ വീക്ഷണം ദൈവനിന്ദയാണെന്ന് പൊടുന്നനെ ഖുർആൻ വായിക്കുമ്പോൾ ഞാൻ മനസ്സിലാക്കുന്നു. ഇതായിരുന്നു വസ്തുത. എങ്ങനെയാണ് ഇത് നേരായിരിക്കുക? ക്രിസ്ത്യാനിയെന്ന നിലയിൽ യേശുക്രിസ്തുവെന്നാൽ എന്നെ സംബന്ധിച്ചെടത്തോളം എന്താണ് അർഥം?

തെറ്റായ വഴിയിലൂടെയാണ് സഞ്ചരിക്കുന്നതെങ്കിൽ ഞാൻ ചെന്നെത്തുന്ന നരകത്തെക്കുറിച്ചും അവിടെ എന്നെ പിടിച്ചിടുമല്ലോ എന്ന കാര്യവും ഓർത്തപ്പോൾ എന്റെ ചോര തണുത്തുറഞ്ഞുപോയി. ഇതിനി സമീറിന്ന് തെറ്റുപറ്റിയെന്നു തെളിയിക്കുന്ന സംഗതിയൊന്നുമല്ല, മറിച്ച് നിത്യജീവിതത്തിന്റെയും മരണത്തിന്റെയും പ്രശ്നമാണ്. ഇതൊരു വെല്ലുവിളിയാണ്. ഈ അവസ്ഥയെപ്പറ്റി ആരംഭത്തിൽ നിന്നു തന്നെ ഞാൻ പുനഃപരിശോധന നടത്തേണ്ടിയിരിക്കുന്നു.

*********

എന്റെ മാതാപിതാക്കൾ വ്യത്യസ്തമായ മതപശ്ചാത്തലങ്ങളിൽ നിന്നു വന്നവരാണ്. അമ്മ കത്തോലിക്കാമതത്തിൽ ചേർന്നവളാണ്. അച്ഛൻ പ്രൊട്ടസ്റ്റന്റും. അമ്മയുടെ അച്ഛൻ ക്രിസ്ത്യാനിയേ ആയിരുന്നില്ല. എന്റെ പിതാവിനെ വിവാഹം ചെയ്യാൻ വേണ്ടി സ്വന്തം മതമുപേക്ഷിക്കുക എന്ന കടുത്ത തീരുമാനം അമ്മ സ്വന്തമായി എടു

ത്തതാണ്. പലപ്പോഴും ആ തീരുമാനത്തിലവർ ഖേദിക്കുകയും ചെയ്തിരുന്നു. അക്കാലത്ത് ആസ്ത്രേലിയൻ കത്തോലിക്കർ കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാര് പ്രൊട്ടസ്റ്റന്റുകാരുമായിരുന്നു. 'ചരട് ഒരിക്കലും കൂട്ടിമുട്ടുകയില്ലെ'ന്ന ചൊല്ല് അവരെ സംബന്ധിച്ചെടത്തോളം വളരെ ശരിയായിരുന്നു. കർശനമായ വേർതിരിവായിരുന്നു ഇരുകൂട്ടർക്കുമിടയിൽ. അതിനാൽ ഞങ്ങളുടെ വീട്ടിൽ മതത്തെപ്പറ്റിയുള്ള പൊതു ചർച്ചകളൊന്നും ഇല്ലായിരുന്നു.

എന്റെ മാതാപിതാക്കളുടെ ആദ്യ സന്താനമായ ഞാൻ പിറന്നത് രണ്ടാം ലോകയുദ്ധകാലത്താണ്. അന്ന് പിതാവ് ആർ.എ.എ.എഫിൽ അംഗമായിരുന്നു''. എനിക്ക് ഏതാണ്ട് രണ്ടു വയസ്സായപ്പോൾ അദ്ദേഹത്തെ വിദേശത്തേക്ക് സ്ഥലം മാറ്റി.

മതപരമായ വീക്ഷണകോണിലൂടെനോക്കുമ്പോൾ മറ്റു മിക്ക കുട്ടികളെയുമെന്നപോലെ എന്നെ മാമോദീസ മുക്കിയിട്ടില്ല. ദൈവത്തെക്കുറിച്ചു കേൾക്കുകയും ദൈവത്തോട് പ്രാർഥിക്കുകയുമൊക്കെ ചെയ്തിട്ടുണ്ടെങ്കിലും സ്കൂളിലെ ഒന്നാം കൊല്ലക്കാലത്ത് മതപഠനം ലഭിക്കുന്നതു വരെ യേശുവിനെപ്പറ്റി എനിക്കൊന്നുമറിയില്ലായിരുന്നു. ഈ അവസ്ഥക്ക് ഒരുപക്ഷേ, എന്റെ മാതാപിതാക്കളുടെ മതപരമായ വ്യത്യാസം പങ്ക് വഹിച്ചിട്ടുണ്ടാകാം. യുദ്ധവും അതിന്ന് ഒരു കാരണമാണ്. പിതാവെന്നല്ല എന്റെ പിതൃസഹോദരന്മാർ മുഴുവനും വിദേശത്തായിരുന്നു. മാത്രമല്ല, മുത്തച്ഛനും അംഗവൈകല്യം ബാധിച്ച പിതൃസഹോദരനും അവിവാഹിതകളായ അമ്മായിമാരും ഇളയമ്മമാരുമൊക്കെ ആസ്ത്രേലിയക്കുള്ളിൽ തന്നെ സൈന്യത്തിനു വേണ്ടി പണിയെടുക്കുകയാണ്.

യേശുവിനെപ്പറ്റി കേട്ട ആദ്യ ദിവസം എന്റെ ഓർമയിൽ നല്ല പോലെയുണ്ട്. എന്റെ ആദ്യത്തെ മതപഠന ക്ലാസ്സായിരുന്നു അത്. ഒരു വ്യാഴാഴ്ച. എല്ലാ പുതിയ കുട്ടികളെയുമെന്ന പോലെ ആദ്യത്തെ കോലാഹലങ്ങൾക്കു ശേഷം എന്നെയും മെത്തേഡിസ്റ്റുകളുടെ ക്ലാസ്സ് മുറിയിലേക്കയക്കുകയുണ്ടായി. പമ്മിപ്പമ്മി അവിടെയെത്തിയ ഞാൻ കണ്ടത് റവറൻഡ് ടുലിപ് എന്ന വളരെ ഉല്ലാസവാനായ ഒരാളെയാണ്. തവിട്ടുനിറത്തിലുള്ള നീളം കൂടിയ മുടിച്ചുരുളുകളും താടിയുമുള്ള ശുഭ്രവസ്ത്രധാരിയായ ഒരു മനുഷ്യന്റെ ചിത്രം അയാൾ വിദ്യാർഥികൾക്ക് കാണിച്ചുകൊടുക്കുന്നു. അയാൾക്കു ചുറ്റുമുള്ളത് ആഹ്ലാദഭരിതരായ കുഞ്ഞുങ്ങളാണ്. ഒരു തടിച്ചിപ്പെൺകുട്ടി അയാളുടെ കാൽമുട്ടിലിരിക്കുന്നു. അത് യേശുവിന്റെ ചിത്രമാണെന്നും യേശു ദൈവം അയച്ച പ്രത്യേക മനുഷ്യനാണെന്നും അയാൾ ഭൂമിയിലുണ്ടായിരുന്ന കാലത്ത് കുട്ടികളെ സ്നേഹിച്ചിരുന്നുവെന്നും മിസ്റ്റർ ടുലിപ് ഞങ്ങളോട് പറഞ്ഞു. ഒരു സന്ദർഭത്തിൽ യേശുവിന്റെ അനുയായികൾ കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ച് അദ്ദേഹം ക്ഷീണി

ച്ചിട്ടുണ്ടെന്ന് പറയുകയും അതിനാൽ കുട്ടികളെ കൂട്ടിക്കൊണ്ടുപോയ്ക്കോളൂ എന്നു കൽപ്പിക്കുകയും ചെയ്തു പോലും. എന്നാൽ യേശുവിന്റേത് വളരെ ഉറച്ച് നിലപാടായിരുന്നു. അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്. ''ശിശുക്കളെ എന്റെയടുക്കൽ വരുവാൻ വിടുവിൻ. അവരെ തടുക്കരുത്. ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ.[2] ആ പെൺ കുട്ടിയായിരുന്നെങ്കിൽ എന്ന് ഞാൻ ഉൽക്കടമായി അഭിലഷിച്ചിട്ടുണ്ട്. ആ മനുഷ്യന്റെ ചാരത്തൊന്ന് നിന്നാൽ മാത്രം മതി, അതൊരു അത്ഭുതകരമായ അനുഭവമായേനെ എന്നായിരുന്നു എന്റെ സ്നേഹിത ഷീല ആഗ്രഹിച്ചിരുന്നത്.

അക്കൊല്ലം തന്നെ, യുദ്ധം അവസാനിച്ച ശേഷം, എന്റെ അമ്മ ഒരു കാര്യം അച്ഛനെ ബോധ്യപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു എന്നെയും അനിയത്തിയെയും മാമോദീസ മുക്കണം. പിറ്റത്തെ കൊല്ലം ടോൺസിലൈറ്റിസ് രോഗം ബാധിച്ചപ്പോൾ അതൊരു അടിയന്തിരാവശ്യമായിത്തീർന്നു. മാമോദീസ മുക്കാതെ മരിച്ചുപോകുന്നതിനെ ച്ചൊല്ലി എല്ലാ കത്തോലിക്കർക്കുമുണ്ടാകുന്ന പേടി അവരെ സംബന്ധിച്ചേടത്തോളവും ഒരു യാഥാർഥ്യമായിരുന്നു. ഞാൻ ലിംബോ[3] എന്ന നരകത്തിലാണെത്തുക എന്ന ഭീതിയാൽ അങ്ങനെയൊരു ദുരന്തമൊഴിവാക്കുവാൻ തന്നാലാവുന്നതൊക്കെ ചെയ്യുകയായിരുന്നു അവർ. ഒടുവിൽ പിതാവിന്റെ മനസ്സലിഞ്ഞു. മാമോദീസ മുക്കുന്ന സമയമാവുമ്പോഴേക്കും എനിക്കൊരു സഹോദരി കൂടി ഉണ്ടായിക്കഴിഞ്ഞിരുന്നു. അവളെയും സംരക്ഷിക്കണമായിരുന്നു. എന്റെ പിതാവ് അമ്മയെ സ്നേഹിച്ചിരുന്നു എന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ തന്നെയും സ്വന്തം മക്കൾ കത്തോലിക്കരാവുന്നത് അദ്ദേഹത്തിന് ഒരിക്കലും സമ്മതിച്ചുകൊടുക്കാനാവുമായിരുന്നില്ല. അങ്ങനെ ഞങ്ങളെ പ്രൊട്ടസ്റ്റന്റ് ഹൈചർച്ചിൽ വെച്ച് മാമോദീസ മുക്കി.(റോമൻ കത്തോലിക്കാ വിശ്വാസവുമായുള്ള അറിയപ്പെട്ട അടുപ്പമാണതിന്ന് കാരണം); അതുതന്നെയും എന്റെ പിതാവ് നീതിനിർവഹണത്തിൽ അനുവദിച്ചുകൊടുത്ത ഇളവായിരുന്നു. കഷ്ടം! യേശുവിനെക്കുറിച്ചുള്ള മിസ്റ്റർ ടുലിപ്പിന്റെ ക്ലാസ്സ് ഒരു പഴങ്കഥയായി മാറിക്കഴിഞ്ഞിരുന്നു അപ്പോഴേക്കും.

എല്ലാ ഞായറാഴ്ച കാലത്തും ഞാനും ബന്ധത്തിൽപ്പെട്ട കെറി എന്ന കുട്ടിയും മുടങ്ങാതെ, സൺഡേ സ്കൂളിലേക്ക് തിരക്കിട്ട് നടന്നുപോകും. പഴയൊരു മില്ലുണ്ട് വഴിയിൽ. അവിടെയെത്തുന്നതുവരെ കളിച്ചു രസിച്ച് കലപലാ വർത്തമാനം പറഞ്ഞാണ് ഞങ്ങളുടെ പോക്ക്. കുറേശ്ശെക്കുറേശ്ശെ ഞങ്ങളുടെ നടത്തം ആയാസത്താൽ മെല്ലെയാവും. അപ്പോഴേക്കും ഞങ്ങൾ നിശ്ശബ്ദരായിക്കഴിഞ്ഞിരിക്കും. കെറിയുടെ വികാരങ്ങളെ ഞാൻ ഒരിക്കലും ചോദ്യം ചെയ്തിരുന്നില്ല. അവൾ മതഭക്തയൊന്നുമായിരുന്നില്ല എങ്കിലും തന്റെ യാഥാസ്ഥിതിക സ്വഭാവം നിലനിർത്തിപ്പോന്നവളാണ്. എന്നെ

സംബന്ധിച്ചെടത്തോളം അതൊരു പാപവിമോചനസ്ഥല[4]ത്തേക്കുള്ള പോക്ക് പോലെയായിരുന്നു. കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന യേശു തികച്ചും അപരിചിതനായതു പോലെ. റെക്ടർ അസന്തുഷ്ടനും ഉന്നതനും കുഞ്ഞുങ്ങളോട് സഹിഷ്ണുത കൂടാതെ പെരുമാറുന്ന ആളുമായിത്തോന്നി. യേശുവിന്റെ ശിഷ്യന്മാരുടെ പ്രവർത്തികളെക്കുറിച്ചും ക്രിസ്തുമാർഗവുമായി ബന്ധപ്പെട്ട തത്ത്വങ്ങളെക്കുറിച്ചുമായിരുന്നു പ്രധാനമായും പഠനം. ഇതാകട്ടെ, അർഥമറിയാതെ ഉരുവിടുന്ന കാണാപ്പാഠം പഠിക്കലും. എന്റെ ഓർമയിലുള്ള ഒരേയൊരു ആഹ്ലാദാനുഭവം ഈസ്റ്ററാണ്. ആ സമയത്ത് ആമോദത്തോടെ ‘ദൂരെദൂരെ ഒരു പച്ചക്കുന്നുണ്ടെ’ന്ന പാട്ട് ഞങ്ങൾ ഉച്ചത്തിൽ പാടും.[4] എന്തേ ആ കുന്ന് ഇത്ര അകലെയായിപ്പോയത് എന്ന് ഒരുവേള എനിക്കറിയുമായിരുന്നില്ലെങ്കിലും.[5]

പത്തു വയസ്സ് പ്രായമായപ്പോൾ ഞാൻ കത്തോലിക്കാമതത്തിൽ സ്ഥിരീകരിക്കപ്പെടേണ്ട സമയമായി. ഞാൻ സ്പെഷൽ ക്ലാസ്സുകളിൽ സംബന്ധിച്ചു. എന്നാൽ ഈ സമയമാവുമ്പോഴേക്കും യേശുവിനെപ്പറ്റി കിട്ടാവുന്നതൊക്കെ വായിച്ചു തുടങ്ങിയിരുന്നു ഞാൻ. ഞാൻ കത്തോലിക്കാ സഭയിൽ അംഗമായി സ്ഥിരീകരിക്കപ്പെടാൻ വിസമ്മതിച്ചത് അമ്മക്ക് ഒരു നടുക്കമായിരുന്നു. ശവസംസ്കാരവേളകളിലോ വിവാഹച്ചടങ്ങുകൾക്കോ അല്ലാതെ പള്ളിയിൽ പോകാൻ ഞാൻ വിസമ്മതിച്ചു. ഈ തീരുമാനത്തിന് കാരണം റെക്ടർ ആയിരുന്നില്ല. യേശുവിനെപ്പറ്റിയുള്ള കഥകളിലെ ശിഷ്യന്മാരെപ്പോലെയായിരുന്നു എനിക്ക് അയാൾ. എന്നിട്ടുപോലും.

ഞങ്ങളെ പഠിപ്പിച്ചു പോരുന്നതിൽ നിന്നു തികച്ചും വ്യത്യസ്തനാണ് യേശു എന്ന വിശ്വാസത്തിലേക്കാണ് അദ്ദേഹത്തെപ്പറ്റിയുള്ള വായന എന്നെ നയിച്ചത്. എന്നെപ്പോലെ സാധാരണക്കാരിയായ ഒരുകുട്ടി എന്തുകൊണ്ടാണ് അത്ര മാത്രം അസാധാരണമായി പെരുമാറിയത് എന്നെനിക്ക് ഇപ്പോഴും വിശദീകരിക്കാൻ വയ്യ. എന്നിൽ മാലാഖയുടെ അംശം തെല്ലുമുണ്ടായിരുന്നില്ല, പ്രത്യേകതകളൊന്നുമില്ല; എന്റെ സംശയം അതിന്ന് വിരുദ്ധമായ മറ്റെന്തോ ഉണ്ടെന്നാണ്.

*******

ഞായറാഴ്ചകളിൽ ഞാൻ റേഡിയോവിൽ മതസംബന്ധമായ പരിപാടികൾ ശ്രദ്ധിക്കും. പള്ളിയിൽപ്പോക്ക് ഒഴിവാക്കുന്നതിനുള്ള ഒരു സൂത്രം മാത്രമല്ല അതെന്ന് അമ്മയെ ഞാൻ ബോധ്യപ്പെടുത്താറുണ്ടായിരുന്നു. സത്യമായും എനിക്ക് ദൈവത്തെപ്പറ്റി കൂടുതലറിയാൻ ആഗ്രഹമുണ്ടായിരുന്നു താനും. തപാൽ കോഴ്സുകളിൽ ചേർന്നു പഠിച്ചതും മുത്തശ്ശിയുടെ ബൈബിൾ വായിച്ചു പഠിക്കാൻ വേണ്ടി അവരുടെ

അടുത്തേക്ക പോയതും ഞാനോർക്കുന്നു. അക്കാലത്ത് കത്തോലിക്കാ ക്രിസ്ത്യാനികൾക്ക് ബൈബിൾ വായിക്കാൻ അനുമതിയില്ലാതിരുന്നതിനാൽ അമ്മയുടെ പക്കൽ ബൈബിൾ ഇല്ലായിരുന്നു. എന്റെ പിതാവിനാകട്ടെ മത കാര്യങ്ങളിൽ യാതൊരു താൽപര്യവുമില്ല. അതിനാൽ ബൈബിൾ കൊണ്ട് മൂപ്പർക്ക് യാതൊരു പ്രയോജനവുമില്ലായിരുന്നു.

വിചിത്രമെന്ന് പറയട്ടെ, മറ്റു സഭാവിശ്വാസികൾ ഞങ്ങളുടെ വാതിലിൽ വന്നു മുട്ടിവിളിക്കുകയും എന്നോട് അവരുടെ സൺഡേ ക്ലാസ്സുകളിൽ പോകാമോ എന്ന് ആരായുകയും ചെയ്യാറുണ്ടായിരുന്നു. ചുരുക്കം ചില സന്ദർഭങ്ങളിൽ ഞായറാഴ്ചകളിൽ നടക്കുന്ന ഇത്തരം ഒത്തുചേരലുകളിലേക്ക് എന്നെ അയച്ചുവെങ്കിലും എനിക്ക് അവരോടൊന്നും യാതൊരു ചായ്‌വും ഉണ്ടായില്ല. പലതിലും വെറുംകളിയും പാട്ടുമായിരുന്നു. ചിരിക്കുന്ന മുഖങ്ങളും നല്ല സ്ത്രീകളുമായിരുന്നു. എന്നാൽ എന്റെ ഹൃദയം ഏകാന്തമായി തേടിയത് അവയ്ക്കൊന്നും നൽകാനാവാത്ത മറ്റെന്തോ ആണ്.

യേശു സ്വയം എന്തായിരുന്നു? അദ്ദേഹം എന്താണ് പഠിപ്പിച്ചത്. ഇവയോട് സത്യസന്ധത പുലർത്തുക എന്നതായിരുന്നു എന്നെ സംബന്ധിച്ചെടത്തോളം പ്രധാനം. മതത്തിന്റെ യഥാർഥ പാത അറിയാൻ ഞാനാഗ്രഹിച്ചു. യാഥാസ്ഥിതികമായ അനുമാനങ്ങളിലോ ഞാൻ പങ്കെടുക്കാറുള്ള ഞായറാഴ്ചകളിലെ വിനോദപരിപാടികളിലോ യേശുവിനെ കണ്ടെത്താം എന്ന വസ്തുത അംഗീകരിക്കാൻ എനിക്ക് കഴിഞ്ഞില്ല. ഏതായാലും യേശു ദൈവപുത്രനോ ത്രിത്വത്തിന്റെ ഒരംശമോ ആണെന്ന കാര്യത്തിൽ എനിക്ക് സംശയമില്ലായിരുന്നു. ഈ വിശ്വാസം ഓരോ ക്രിസ്തുമസ് വരുമ്പോഴും എന്നിലേക്ക് പ്രവേശിച്ചു. ഓരോ ഈസ്റ്റർ വേളയിലും ശക്തിയാർജിച്ചു. അതെന്റെ പ്രകൃതത്തിന്റെ ഭാഗമായി. എങ്കിൽപോലും ഞാൻ എപ്പോഴും പ്രാർഥിച്ചത് ദൈവത്തോട് മാത്രമാണ്. യേശുവിനോടല്ല. ഷൂസോ സോക്സോ ഗ്രന്ഥശാലയിൽ നിന്നെടുക്കുന്ന പുസ്തകങ്ങളോ കാണാതെ പോകുമ്പോഴും, ക്ഷീണം തോന്നുമ്പോഴും ദുഃഖമനുഭവപ്പെടുമ്പോഴും ദൈവത്തെയാണ് ഞാൻ വിളിച്ചത്. ദൈവം സദാ എന്റെ പ്രാർഥനകൾക്ക് ഉത്തരം നൽകുകയും ചെയ്തു.

അതിനാൽ ഞാൻ എന്താണ് ചെയ്യേണ്ടത് എന്ന കാര്യത്തിൽ വീണ്ടും ദൈവത്തിന്റെ സഹായത്തിനു വേണ്ടി പ്രാർഥിച്ചു. വളരെ കുറഞ്ഞ സമയത്തിനുള്ളിൽ, അതായത് ഒരാഴ്ചക്കുള്ളിലോ മറ്റോ എഴുത്തുപെട്ടികളിൽ ചില ലഘുലേഖകൾ കാണാനിടയായി. വലിയ പോസ്റ്ററുകളിൽ ഇങ്ങനെ എഴുതിവെച്ചതും കണ്ടു. യേശുവിന്റെ ജീവിതം. അദ്ദേഹത്തിന്റെ പിറവി മുതൽ മരണം വരെയും പുനരുത്ഥാനം വരെയും നിങ്ങളെ കൂട്ടിക്കൊണ്ടുപോവുന്ന സിനിമ കാണാൻ വരിക''– അത്ഭുതകരമായ ഈ ചലച്ചിത്രം

രണ്ടാഴ്ചയേയുള്ളൂ, അതിനാൽ അതു കാണാൻ എന്നെ കൊണ്ടു പോകണമെന്ന് ഞാൻ മാതാപിതാക്കളോട് അഭ്യർഥിച്ചു. എന്റെ പിതാവിന് അതിൽ വലിയ താൽപര്യ മൊന്നുമില്ലായിരുന്നു. എന്നാൽ അമ്മ ഞങ്ങൾ രണ്ടു പേർക്കും വേണ്ടി ഒരു ടിക്കറ്റ് ബുക്ക് ചെയ്തു. വിചിത്രസ്വഭാവക്കാരിയായ തന്റെ കുട്ടിയെ അവർ മനസ്സിൽ കളിയാ ക്കിയിട്ടുണ്ടാവാം എന്ന് കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതെന്റെ പ്രാർഥന ക്കുള്ള ഉത്തരമാണെന്ന് ഞാൻ അകമഴിഞ്ഞ് വിശ്വസിച്ചു. തിരിഞ്ഞു നോക്കുമ്പോൾ എന്റെ യാത്രയിലെ സുപ്രധാനമായ ഒരു നാഴികക്കല്ലാണതെന്ന് ഞാൻ വിശ്വസിക്കു കയും ചെയ്യുന്നു. നഗരം മുഴുവനും 'യേശുവിന്റെ ജീവിതം' കാണാൻ എത്തിയി രുന്നുവെന്ന് തോന്നുന്നു. നിർഭാഗ്യവശാൽ 'സിനിമ' പെയിന്റിംഗുകളും യേശുവിന്റെ ജീവിതസംഭവങ്ങളുടെ വിശദീകരണങ്ങളും മറ്റുമടങ്ങിയ കുറേ സ്ലൈഡുകൾ മാത്രമാ യിരുന്നു. സംഗതികൾ അതിലേറെ വഷളാവാൻ മറ്റൊരു കാരണം കൂടിയുണ്ടായി. പ്രദർശനത്തിന്റെ മേൽനോട്ടം ഒരു മൂന്നാം കിട വൈദിക വിദ്യാർഥിക്കായിരുന്നു. സ്ലൈഡുകൾ തെറ്റായി ഇട്ടത് മൂലം ഒരു ഘട്ടത്തിൽ യേശു തല കീഴായാണ് പ്രത്യക്ഷ പ്പെട്ടത്. ആളുകൾ കൂക്കിവിളിച്ചതായി എനിക്കോർമയില്ല. പക്ഷേ, ആർക്കും സിനിമ ഇഷ്ടപ്പെട്ടില്ല.

എതായാലും എനിക്ക് തികഞ്ഞ നഷ്ടബോധമാണ് തോന്നിയത്. വഞ്ചിക്കപ്പെട്ടതായി പ്പോലും എനിക്ക് തോന്നി. അപ്പോഴാണ് അടുത്ത ബുധനാഴ്ച ചരിത്രത്തെപ്പറ്റിയും മധ്യപൗരസ്ത്യദേശത്തെപ്പറ്റിയും ഒരു പ്രഭാഷണം നടക്കുന്നതായി പ്രഖ്യാപനമുണ്ടാ യത്. ''അമ്മേ, യേശു വന്നത് മധ്യപൗരസ്ത്യദേശത്തു നിന്നാണ്.'' ഞാൻ പറഞ്ഞു. ''നമുക്ക് പോയി അതേപ്പറ്റി കൂടുതൽ പഠിച്ചാലോ?''

പ്രഭാഷണത്തിന് വളരെ കുറച്ചു പേർ മാത്രമാണ് വന്നത്. ഒരുപാട് ആഴ്ചകൾക്കു ശേഷം ഉണ്ടായ അതിന്റെ പരിണതി യേശു മോശയുടെ നിയമങ്ങളാണ് നടപ്പിൽ വരു ത്തിയത് എന്ന് ഞാൻ മനസ്സിലാക്കി എന്നതാണ്. അതായത് ഏഴാമത്തെ ദിവസം അദ്ദേഹം സാബത്ത് ദിനമാക്കി, അത് ഞായറാഴ്ച അല്ലായിരുന്നു. അദ്ദേഹം വൃത്തി യില്ലാത്ത മാംസം ഭക്ഷിച്ചിരുന്നില്ല. മദ്യം പാപത്തെ പ്രതിനിധാനം ചെയ്യുന്നതിനാൽ അതും നിഷിദ്ധമായിരുന്നു. എന്താണോ ഞാൻ തേടുന്നത് അവസാനം അതു കണ്ടെ ത്തിയതായി എനിക്കു തോന്നി. ഇതെനിക്ക് വളരെ പ്രധാനമായിരുന്നു. കാരണം ക്രിസ്ത്യാനിയായിരിക്കണമെന്നുണ്ടെങ്കിൽ, എനിക്ക് പൂർണമായും അങ്ങനെ ആകേ ണ്ടതുണ്ടായിരുന്നു. എന്നെപ്പോലെ തന്നെ അമ്മക്കും ഈ വിശ്വാസ സമ്പ്രദായം തികച്ചും ബോധ്യപ്പെട്ടിരുന്നു. അമ്മയെ സംബന്ധിച്ചിടത്തോളമാകട്ടെ, അതൊരു തികഞ്ഞ വേറിട്ടുപോകലായിരുന്നു താനും. തുടർച്ചയായ പഠനങ്ങൾക്ക് ശേഷം

ഞങ്ങൾ ഈ വിശ്വാസം സ്വീകരിച്ചു. യേശുവിന്റെ കഥയിൽ പറയുന്നതു പോലെ. അങ്ങനെ വളരെ വ്യത്യസ്തവും ഒരുപക്ഷേ, വിഷമകരവുമായ ജീവിതരീതി ആരംഭിക്കുകയും ചെയ്തു. പലർക്കും അത് സ്വീകാര്യമായിരുന്നില്ല.

*******

ഇതൊരു നേരായ മാർഗമായിരുന്നു. സിനിമക്ക് പോവുക, മദ്യപാനം, പുകവലി, നൃത്തം എന്നിവക്ക് എന്നെന്നേക്കും വിലക്കിയ മാർഗം. സ്വീകാര്യമായ പൊതുചടങ്ങുകളുണ്ടെങ്കിൽ പോലും സാബത്ത് ദിനത്തിൽ ഞങ്ങൾക്ക് പങ്കെടുത്തു കൂടാ. വെള്ളിയാഴ്ച സൂര്യാസ്തമയം മുതൽ ശനിയാഴ്ച സൂര്യാസ്തമയം വരെ ആയിരുന്നു സാബത്ത്. സാബത്ത് ദിനത്തിൽ ഒന്നും വാങ്ങുവാനും വിൽക്കുവാനും പാടില്ല. ഞങ്ങളുടെ ആഹാരത്തിന്നു മാറ്റമുണ്ട്. വൃത്തിയില്ലാത്ത മാംസമെന്നല്ല മാംസം തന്നെ കഴിക്കുവാൻ പാടില്ല.

ജനങ്ങളുമായി ഇടപഴകി ജീവിക്കുകയും ജനസമ്മതിയാർജിക്കുകയും ചെയ്യുന്ന വ്യക്തിയായിരുന്നു എന്റെ പിതാവ്. ആത്മഹത്യയിലേക്കുള്ള ആദ്യത്തെ ചുവടുവെപ്പ് വെക്കുകയാണ് ഞങ്ങൾ ചെയ്തത് എന്നായിരുന്നു അദ്ദേഹത്തിന്റെ മട്ട്. ''പ്രായമാകുമ്പോൾ ഇത്തിരി നേരം നൃത്തം ചെയ്ത് രസിക്കണമെന്ന ആഗ്രഹമില്ലേ നിനക്ക്?'' അദ്ദേഹമെന്നോട് ചോദിച്ചു. അപ്പോൾ എനിക്കതിൽ രസം തോന്നി. കാരണം നൃത്തത്തെ വെറുക്കുന്ന ആളാണദ്ദേഹം. എന്റെ അമ്മ അദ്ദേഹത്തിന്റെ ഒതുക്കമില്ലായ്മയെപ്പറ്റി കഠിനമായി പരാതി പറയുമായിരുന്നു മോട്ടോർ ബൈക്കിലോ അല്ലെങ്കിൽ കുതിരപ്പുറത്തു പോലുമോ സഞ്ചരിക്കുമ്പോഴായിരുന്നു മൂപ്പർ കൂടതൽ സന്തുഷ്ടൻ.

ഞങ്ങളുടെ ജീവിതരീതിക്ക് പല ആളുകൾക്കിടയിലും സമ്മതിയുണ്ടായിരുന്നില്ലെന്ന് പറയേണ്ടതില്ലല്ലോ. തുറന്നുപറഞ്ഞാൽ, ആസ്ത്രേല്യൻ മാനദണ്ഡങ്ങൾ വെച്ചുനോക്കിയാൽ അതേതാണ്ട് സാമൂഹ്യവിരുദ്ധവുമായിരുന്നു. തന്നെ പിടികൂടിയ കുറ്റബോധമെന്ന വിഷബാധയിൽ നിന്നു പൊടുന്നനെ വിമുക്തയായല്ലോ എന്ന വിചാരമായിരുന്നു അമ്മക്ക്. അതിനാൽ അവർ ആവേശത്തോടെ ഈ മതത്തെ ആശ്ലേഷിച്ചു. 'മത'മെന്ന ആശയത്തെ അംഗീകരിച്ചില്ലെങ്കിൽത്തന്നെയും തന്റെ മുത്തശ്ശി ഈ ജീവിതരീതി സ്വീകരിച്ചിരുന്നുവെന്ന് പറഞ്ഞ് എന്റെ പിതാവ് ഞങ്ങളെ അമ്പരപ്പിച്ചു. ഞങ്ങൾക്കറിയാവുന്ന ആരെയും അതിശയിപ്പിക്കുന്ന മറ്റൊരു പ്രായം ചെന്ന സ്ത്രീയും ഇങ്ങനെയാണ് ജീവിച്ചിരുന്നത്. മാ എന്ന് ഞങ്ങൾ വിളിച്ചിരുന്ന ആ സ്ത്രീ ഞങ്ങളുടെ മുത്തശ്ശിയുടെ കുടുംബത്തോടൊപ്പം ആസ്ട്രേലിയയിൽ വന്നിരുന്നു. അവർ ദൈവത്തെ സ്നേഹിച്ചിരുന്നു. ഞങ്ങളോടുള്ള അവരുടെ പെരുമാറ്റത്തിലെ

ഊഷ്മളതയും ഞങ്ങൾക്ക് അവർ നൽകിയ മാർഗദർശനവും ഇന്നും ഞാൻ മനസ്സിൽ അമൂല്യ നിധിയായി സൂക്ഷിക്കുന്നു. അല്ലാഹു അവർക്ക് പ്രതിഫലം നൽകട്ടെ.

ഇപ്പോൾ ഞാൻ തിരിഞ്ഞു നോക്കുകയും എന്റെ ജീവിതത്തെക്കുറിച്ചും നേരത്തെ ഞാൻ പുലർത്തിപ്പോന്ന വിശ്വാസത്തെപ്പറ്റിയുള്ള ഖുർആനിക നിലപാടിനെക്കുറിച്ചും ചിന്തിച്ചുപോകുന്നു. അപ്പോഴാണ് താഴെ പറയുന്ന സൂക്തം ഞാൻ കാണുന്നത്. ''ആ പ്രവാചകന്മാരുടെ പാദമുദ്രകൾക്കുമേൽ നാം മർയമിന്റെ മകൻ ഈസയെ നിയോഗിച്ചു. അദ്ദേഹം  തൗറാത്തിൽ നിന്ന് തന്റെ മുന്നിലുള്ളവയെ ശരിവെക്കുന്ന ആളായിരുന്നു. നാം അദ്ദേഹത്തിന് വെളിച്ചവും നേർവഴിയും ഇഞ്ചീൽ എന്ന വേദവും നൽകി. അത് തൗറാതിൽ നിന്ന് അന്നുള്ളവയെ ശരിവെക്കുന്നതായിരുന്നു. ഭക്തന്മാർക്ക് നേർവഴി കാണിക്കുന്നതും സദുപദേശം നൽകുന്നതും''(സൂറഃ അൽമാഇദഃ 5:46) തീർച്ചയായും അതെല്ലാം അദ്ദേഹത്തിന്റെ പദ്ധതിയുടെ ഭാഗമാണ്. എന്റെ ഹൃദയത്തിന് അപ്പോൾ ലാഘവം തോന്നി.

*******

വീണ്ടും ഓർമകൾ എന്നെ ഭൂതകാലത്തേക്ക് കൊണ്ടുപോയി. കാലം നീങ്ങിയതോടെ ഞാൻ കൂടുതൽ പഠിച്ചു. സ്കൂളിൽ ഉച്ചഭക്ഷണസമയത്ത് ഒത്തുകൂടി മതത്തെപ്പറ്റി ചർച്ച ചെയ്യുന്ന ഒരു സംഘം ഞങ്ങൾക്കിടയിലുണ്ടായിരുന്നു. സ്കൂളിലെ ആദ്യ ദിവസം മുതൽക്കു തന്നെ എനിക്കൊരു സുഹൃത്തുണ്ടായിരുന്നു. ദൈവശാസ്ത്രത്തെപ്പറ്റി ഞങ്ങൾ ഒരുപാട് തർക്കിച്ചിട്ടുണ്ട്. അപ്പോഴേക്കും യഹൂദ ചരിത്രവും പെരുന്നാൾ ദിവസങ്ങളും പ്രവാചക മാതൃകകളും വിശുദ്ധ മാതൃകകളുമൊക്കെ എനിക്ക് പരിചിതമായിക്കഴിഞ്ഞു. അവയുടെയെല്ലാം പ്രാധാന്യം വിരൽ ചൂണ്ടുന്നത് മിശിഹാ എന്ന വാഗ്ദത്തത്തിലേക്കാണെന്ന് ഞാൻ പഠിച്ചു. അതായത് യേശുവിലേക്ക്. ഇക്കാലത്ത് ഞാൻ മതപ്രചരണ രംഗത്ത് പ്രവർത്തിക്കുന്നതിന്നുള്ള തയ്യാറെടുപ്പുകൾ നടത്താൻ വേണ്ടി ദൈവശാസ്ത്രം പഠിപ്പിക്കുന്ന ഒരു കലാലയത്തിൽ ചേർന്നു. അവിടെ ഞാൻ പഠിച്ചത് ദീർഘകാലം ഞാൻ പഠിച്ച വിഷയങ്ങൾ തന്നെയാണ്. അപ്പോൾ പതിനൊന്നാം വയസ്സിൽ എനിക്കു ലഭിച്ച പഴകിയ ബൈബിൾ ഓർമയിലെത്തി. ഈ വിഷയങ്ങളെല്ലാം എനിക്കറിയാവുന്നതാണ്. ഏതായാലും യേശുവിന്റെ സ്ഥാനം ഇപ്പോഴും ദൈവത്തിന്റെ മകൻ എന്നതു തന്നെ. ഇപ്പോഴും ത്രിയേകത്വത്തിന്റെ ഭാഗം. എന്നിട്ടും ഞാൻ ദൈവത്തോടാണ് പ്രാർഥിച്ചത്. യേശുവിന്റെ നാമത്തിൽ എന്നു കൂട്ടിച്ചേർക്കാൻ എനിക്ക് മുന്നറിയിപ്പ് നൽകിയിരുന്നുവെങ്കിലും ഞാൻ ദൈവത്തോട് തന്നെയാണ് പ്രാർഥിച്ചത്.